VOL NO: 10 I ISSUE 27

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 JULY 04 I ₹10



## മിനാരങ്ങൾക്കു മുകളിലെ ബുൾഡോസറുകൾ

രാജ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വാഭാവിക നടപടി എന്ന പേരിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പള്ളികൾ പൊളിച്ചുമാറ്റുന്നത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. നനഞ്ഞുകുതിർന്നവന്റെ കുളിരറ്റ പ്രതികരണങ്ങൾ മാത്രമാണ് മുസ്‌ലിം സമുദായത്തിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നത്. സ്വന്തം തലയ്ക്ക് മുകളിൽ ബുൾഡോസർ ബ്ലേഡ് ഉയർന്നാൽ മാത്രമെ പ്രതികരിക്കൂ എന്നത് നിസ്സംഗത മാത്രമല്ല ഭീരുത്വം കൂടിയാണ്.

### മദ്യത്തിന്റെ വീര്യവും വിശ്വാസിയുടെ നിലപാടും

### ഒന്നാമത്തെ ബിദ്ഈ കക്ഷി അഥവാ ഖവാരിജ്

### ജനങ്ങളെ കേൾക്കാനിറങ്ങിയ ജമാഅത്തെ ഇസ്‌ലാമി!

റൈഹാൻ ഷഹീദ് • ഡോ. ഹുസ്ന ഹുസൈൻ • ടി.കെ അശ്റഫ്




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

493

നേർപഥം വാരിക

2026 ജൂലൈ 04
1448 മുഹർറം 19
പുസ്തകം 10 / ലക്കം 27




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




റൈഹാൻ ഷഹീദ്

രാജ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വാഭാവിക നടപടി എന്ന പേരിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പള്ളികൾ പൊളിച്ചുമാറ്റുന്നത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. നനഞ്ഞുകുതിർന്നവന്റെ കുളിരറ്റ പ്രതികരണങ്ങൾ മാത്രമാണ് മുസ്‌ലിം സമുദായത്തിൽനിന്ന് വന്നുകൊണ്ടിരിക്കുന്നത്. സ്വന്തം തലയ്ക്ക് മുകളിൽ ബുൾഡോസർ ബ്ലേഡ് ഉയർന്നാൽ മാത്രമെ പ്രതികരിക്കൂ എന്നത് നിസ്സംഗത മാത്രമല്ല, ഭീരുത്വം കൂടിയാണ്.

04
വിശകലനം
ശീഇസം സമസ്തയിൽ പിടിമുറുക്കുന്നു!
അബ്ദുൽ മാലിക് സലഫി, മൊറയൂർ

05
മുഖമൊഴി
ബാധ്യതകൾ വിസ്മരിക്കരുത്

06
ആരോഗ്യപഥം
മഴക്കാലം:രോഗപ്രതിരോധ ശേഷി വർധിപ്പിക്കാനുള്ള മാർഗങ്ങൾ
ഡോ. ഷബ്‌ന കാരാടൻ

09
ലേഖനം
അകലം സൃഷ്ടിക്കുന്ന കൂടിച്ചേരലുകൾ
ഡോ. ഹുസ്‌ന ഹുസൈൻ

17
ബാലപഥം
എന്തിന് ?
ഉസ്മാൻ പാലക്കാഴി

18
ലേഖനം
യു.ഡി.എഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും
സി മുഹമ്മദ് അജ്മൽ

21
ലേഖനം
മഴ; കാരുണ്യവാന്റെ അനുഗ്രഹ വർഷം
മെഹബൂബ് മദനി ഒറ്റപ്പാലം

24
വിമർശനം
ജനങ്ങളെ കേൾക്കാനിറങ്ങിയ ജമാഅത്തെ ഇസ്‌ലാമി!
മൂസ സ്വലാഹി കാര

26
ലേഖനം
മദ്യത്തിന്റെ വീര്യവും വിശ്വാസിയുടെ നിലപാടും
ടി.കെ അശ്‌റഫ്

30
ലേഖനം
ഒന്നാമത്തെ ബിദ്ഈ കക്ഷി അഥവാ ഖവാരിജ്
ശമീർ മദീനി

32
ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

34
കവിത
ജീവിതം തകർക്കും ലഹരി
സിനി. ടി. കെ, മണ്ണാർക്കാട്

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ശീഇസം സമസ്തയിൽ പിടിമുറുക്കുന്നു!

അബ്ദുൽ മാലിക് സലഫി, മൊറയൂർ
: 96565 30656

ശീഈ പ്രസ്ഥാനങ്ങൾ സൂഫീ ത്വരീഖത്തുകളുടെ തണലിലാണ് എക്കാലത്തും വളർന്ന് വന്നിട്ടുള്ളത്. ത്വരീഖത്തിന്റെ ശരീഅത്ത് വിരുദ്ധ മണ്ണ് ശീഈ വിഷച്ചെടികൾക്ക് വളരാൻ ഏറെ സൗകര്യമുള്ളതാണ്. അതിനാലാണ് സമസ്തയുടെ പരിസരങ്ങളിൽ കേരള ശീഇകൾ കൂട് കൂട്ടുന്നത്. ഒളിഞ്ഞും തെളിഞ്ഞും തുടങ്ങിയ ഈ അവിശുദ്ധ ബാന്ധവം ഇന്ന് അതിന്റെ മൂർത്തരൂപം പ്രാപിച്ച്, സ്വഹാബത്തിനെ പരസ്യമായി ഭത്സിക്കുന്നേടത്ത് വരെ എത്തിയിരിക്കുന്നു. മഹാനായ സ്വഹാബി മുആവിയ(റ)വിനെ കപടനായും വഞ്ചകനായും ചിത്രീകരിച്ച് മുസ്‌ലിയാക്കന്മാർ രംഗത്ത് വരാൻ തുടങ്ങിയിരിക്കുന്നു! ഇത് യാദൃച്ഛികമല്ല.

തങ്ങളുടെ വികല വിശ്വാസങ്ങളുടെ അഴുക്ക് ചാലിലൂടെയാണ് ശീഈ വൈറസുകൾ തങ്ങളിലേക്ക് എത്തുന്നത് എന്ന് സമസ്തക്കാർ തിരിച്ചറിയാത്ത കാലത്തോളം ഈ ദുഷിച്ച പ്രക്രിയകൾ അനവരതം തുടരാനാണ് സാധ്യത. സമസ്തയെ ശീഇസം എത്രമാത്രം വിഴുങ്ങിയിരിക്കുന്നു എന്നതിന്റെ ഭീകര ചിത്രമാണ് താഴെ കൊടുക്കുന്നത്:

- ‘സകലൈൻ ഫൗണ്ടേഷൻ’ എന്ന, കേരളത്തിലെ ഒന്നാമത്തെ ശീഈ സംഘടന രൂപീകരിക്കുന്നതിൽ സമസ്ത നേതാവ് സി.ഹംസ മുഖ്യ കാർമികനായിരുന്നു.
- റാഫിളീ ശീഇകളുടെ നിരവധി ഗ്രന്ഥങ്ങൾ സമസ്ത നേതാവ് സി.ഹംസ മലയാളത്തിലേക്ക് മൊഴി മാറ്റി.
- ശീഈ പ്രചാരകനായ സി.എച്ച് മുസ്തഫയെ കുരുവട്ടൂരികൾ തങ്ങളുടെ കേന്ദ്രത്തിൽ സ്വീകരിക്കുന്നു.
- ‘യാ ഹുസൈൻ, യാ ഹുസൈൻ’ എന്ന് വിളിച്ചു പ്രാർഥിച്ച മുസ്‌ലിയാരെ സഖാഫിമാർ ന്യായീകരിക്കുന്നു.
- ഹാശിം സഖാഫി അയലിക്കാട് എന്ന മുസ്‌ലിയാർ മഹാനായ സ്വഹാബി മുആവിയ(റ)വിനെ തെറിവിളിച്ച് നിരന്തരം രംഗത്ത് വരുന്നു.
- മുഹർറം 10ന് ഹുസൈൻ(റ)വിന്റെ ആണ്ട് പുതുതായി കടലുണ്ടി ബുഖാരി മുട്ടിപ്പടിയിൽ തുടങ്ങുന്നു.
- മുഹർറം ഒന്ന് മുതൽ പത്ത് വരെ വിശ്വാസിക്ക് സന്തോഷിക്കാനാവില്ലെന്ന ശീഈ വിശ്വാസം സമസ്ത പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ച് വരുന്നു.
- സ്വഹാബത്തിനെ കാഫിറുകളായി ചിത്രീകരിക്കുന്ന ത്വരീഖത്തിന് സമസ്തക്കാർക്കിടയിൽ പ്രചാരം ലഭിക്കുന്നു!
- കൊണ്ടോട്ടി തങ്ങൾ ശീഈ ആയിരുന്നു എന്ന ആദ്യ നിലപാടിൽനിന്ന് മാറി, അയാൾ ശീഈ ആയിരുന്നില്ല എന്ന് സ്ഥാപിക്കുന്ന ഗ്രന്ഥങ്ങൾ സമസ്ത നേതാക്കളുടെ ആശീർവാദത്തോടെ പുറത്തിറങ്ങുന്നു.
- കൊണ്ടോട്ടി നേർച്ചയുടെ വിളംബര ജാഥയിൽ ശിയാക്കളുടെ ചിഹ്നങ്ങൾ പരസ്യമായി പ്രകടിപ്പിക്കുന്നു.
- കർബല ആഘോഷിക്കപ്പെടുന്ന അവസ്ഥ അടുത്തകാലത്തായി വ്യാപകമാവുന്നു.
- ശീഇകളുടെ ലോകത്തിലെ വലിയ സർവകലാശാലയായ കുമ്മിലെ യൂണിവേഴ്സിറ്റിയിൽ കേരളത്തിൽ നിന്നുള്ള സമസ്ത അനുകൂലികൾ ഉപരിപഠനത്തിനായി പോകുന്നു.
- ഇറാനിലെ ശീഈ പ്രതിനിധികൾ കേരളത്തിലെ സമസ്തസ്ഥാപനങ്ങളിൽ രഹസ്യസന്ദർശനം നടത്തുന്നു.
- അലി(റ)ക്കാണ് അബൂബക്ർ (റ)നെക്കാൾ മഹത്വമെന്ന് മൂത്തേടം മുസ്‌ലിയാർ പ്രസംഗിക്കുന്നു.
- അലി(റ)ന്റെ മുഖത്തേക്ക് നോക്കൽ ഇബാദത്താണ് എന്ന ശീഈ വിശ്വാസം മുസ്‌ലിയാക്കന്മാർ പ്രചരിപ്പിക്കുന്നു.
- ശീഈ നേതാക്കളെ ശഹീദുകളായി വാഴ്ത്തി ആദരിക്കുന്നു.
- ശീഈ വിശ്വാസങ്ങൾ പ്രചരിപ്പിക്കുന്ന മാലകളെ ഇപ്പോഴും ആദരിക്കുന്നു.

അതെ, ശീഇസത്തിലേക്കുള്ള സഞ്ചാരം സമസ്തക്കാർ തുടരുകയാണ്!

ഇസ്തിഗാസ, ഖബ്ർപൂജ, നബിദിനാഘോഷം, നഹ്സ് നോക്കൽ... തുടങ്ങിയ പല വിശ്വാസ കാര്യങ്ങളിലെയും സമാനതകൾക്ക് പുറമെയാണിവയെല്ലാം. അറിയുക, ശീഇസം ഇസ്‌ലാമല്ല. അല്ലാഹു ആദരിച്ചവയെ അനാദരിക്കുന്ന ജൂതന്മാരുടെ സൃഷ്ടിയാണത്. നരകത്തിലേക്ക് വഴിതെറ്റാതെ സഞ്ചരിക്കുന്ന വിശ്വാസ-ആചാരങ്ങളാണ് ശീഇകൾക്കുള്ളത്. ആ യാത്രയിൽ വെള്ളം നൽകി സഹായിക്കുകയാണ് ഇപ്പോൾ സമസ്തക്കാർ ചെയ്യുന്നത്. ഇങ്ങനെ പോയാൽ ‘സുന്നി’ എന്ന് വ്യാജ പേര് പോലും ഇനി അധികകാലം ബാക്കി നിൽക്കില്ല. ■

# ബാധ്യതകൾ വിസ്മരിക്കരുത്

വ്യക്തിയും സമൂഹവും പരസ്പരം വേർപെടുത്താനാവാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു. ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ് വ്യക്തിബാധ്യതകളും സമൂഹബാധ്യതകളും. വ്യക്തികളുടെ ഉത്തരവാദിത്തബോധമാണ് സമൂഹത്തിന്റെ അടിത്തറ പാകുന്നത്; അതേസമയം, ആരോഗ്യകരമായ ഒരു സമൂഹമാണ് വ്യക്തിയുടെ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം ഒരുക്കുന്നത്.

വ്യക്തികളും വ്യക്തികളടങ്ങുന്ന സമൂഹവും ബാധ്യതകൾ നിർവഹിക്കുമ്പോൾ സമൂഹം സുരക്ഷിതമാകും. നേരെമറിച്ച് വ്യക്തികൾ തങ്ങളുടെ ബാധ്യതകളിൽ ഉപേക്ഷ വരുത്തുകയും സ്രഷ്ടാവിന്റെയും പ്രവാചകന്റെയും കൽപനാനിർദേശങ്ങൾക്ക് എതിരു പ്രവർത്തിക്കുകയും നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ മുഴുകുകയും ചെയ്താൽ ഇഹപര നിർഭയത്വം വ്യക്തികൾക്ക് നഷ്ടമാകും. സമൂഹത്തിലും അത് വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും.

“പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്” (ക്വുർആൻ 6:162,163).

സ്വന്തം ശാരീരിക-മാനസിക ആരോഗ്യം നിലനിർത്തുക, അറിവ് സമ്പാദിക്കുക, സന്മാർഗ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക, മാതാപിതാക്കൾ, ഇണകൾ, മക്കൾ എന്നിവരോടുള്ള കടമകൾ കൃത്യമായി നിർവഹിക്കുക പോലുള്ളതെല്ലാം വ്യക്തിബാധ്യതയിൽ പെടുന്നു.

വ്യക്തി സ്വന്തം താൽപര്യങ്ങൾക്കപ്പുറം താൻ ജീവിക്കുന്ന സമൂഹത്തിന്റെ നന്മയ്ക്കായി ചെയ്യേണ്ട കാര്യങ്ങളാണ് സമൂഹബാധ്യതകൾ. ‘എനിക്ക് എന്ത് കിട്ടി’ എന്നതിനെക്കാൾ ‘ഞാൻ സമൂഹത്തിന് എന്ത് നൽകി’ എന്ന ചിന്തയാണിത്.

വ്യക്തികൾ നന്നാകുമ്പോൾ കുടുംബവും, കുടുംബങ്ങൾ നന്നാകുമ്പോൾ സമൂഹവും നന്നാകുന്നു. അവകാശങ്ങളെക്കുറിച്ച് മാത്രം വാചാലരാകാതെ, കടമകളെക്കുറിച്ചും ബോധവാന്മാരാകുമ്പോഴാണ് ഒരു ജനത സാംസ്കാരികമായി ഉന്നതിയിലെത്തുന്നത്. സ്വന്തം പുരോഗതിക്കൊപ്പം നാടിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്കായി കൈകോർക്കുമ്പോൾ മാത്രമാണ് മനുഷ്യജീവിതം അർഥപൂർണമാകുന്നത്. ‘ഞാൻ’ എന്നതിൽനിന്ന് ‘നമ്മൾ’ എന്ന ചിന്തയിലേക്കുള്ള വളർച്ചയാണ് വ്യക്തി-സാമൂഹിക ബാധ്യതകളുടെ അന്തസ്സത്ത.

ആരാധനയ്ക്കർഹനായി അല്ലാഹു മാത്രമേയുള്ളൂ എന്ന യാഥാർഥ്യം ഉൾക്കൊണ്ടവൻ ആ ആരാധ്യന്റെ മുഴുവൻ കൽപനാനിർദേശങ്ങളും പാലിച്ചുകൊണ്ട് ജീവിക്കുവാൻ തയാറാകുമെന്നതിൽ സംശയമില്ല. അവൻ സത്യവും ധർമവും നീതിയും മറ്റു നന്മകളും കൈമുതലായുള്ളവനായിരിക്കും. അവനെക്കുറിച്ച് ആർക്കും നല്ലതേ പറയുവാനുണ്ടാകൂ. അവൻ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നതിൽ മുൻപന്തിയിലുണ്ടാകും.

ഉന്നത വിദ്യാഭ്യാസംകൊണ്ടും ഉയർന്ന ജോലികൊണ്ടുമൊന്നും മനുഷ്യൻ മനുഷ്യനാകില്ല. സ്രഷ്ടാവിലുള്ള അചഞ്ചലമായ വിശ്വാസവും മരണാനന്തര ജീവിതത്തിലെ രക്ഷാശിക്ഷകളിലുള്ള പ്രതീക്ഷയും ഭയവും ഉള്ളവർക്കേ ധാർമിക മൂല്യങ്ങൾ മുറുകെപ്പിടിച്ച് ജീവിക്കുന്ന ‘മനുഷ്യ’നായി മാറുവാൻ കഴിയൂ; നന്മയുടെ ജീവിക്കുന്ന ഉദാഹരണമായി മാറുവാൻ കഴിയൂ. അവൻ നന്മകൾ ചെയ്യുന്നത് ദൈവത്തിന്റെ പ്രതിഫലം ആഗ്രഹിച്ചു മാത്രമായിരിക്കും. വിശുദ്ധ ക്വുർആൻ പറയുന്നു: ”....നല്ലതെന്ത് നിങ്ങൾ ചെയ്യുകയാണെങ്കിലും തീർച്ചയായും അല്ലാഹു അതറിയുന്നവനാകുന്നു”(2:215).



# മഴക്കാലം:
## രോഗപ്രതിരോധ ശേഷി വര്‍ധിപ്പിക്കാനുള്ള മാര്‍ഗങ്ങള്‍

ഡോ. ഷബ്ന കാരാടന്‍

മഴക്കാലം ഭൂമിക്ക് പുതുജീവന്‍ നല്‍കുന്ന അനുഗൃഹീതമായ ഒരു കാലഘട്ടമാണ്. വരണ്ട ഭൂമിയെ പച്ചപിടിപ്പിക്കുകയും ജലസ്രോതസ്സുകളെ സമ്പന്നമാക്കുകയും ചെയ്യുന്ന മഴ അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തങ്ങളില്‍ ഒന്നാണ്. എന്നാല്‍ ഈ കാലാവസ്ഥയില്‍ പലവിധ രോഗങ്ങളും വ്യാപകമാകാറുണ്ട്. പനി, ജലദോഷം, ഡെങ്കിപ്പനി, വൈറല്‍ അണുബാധകള്‍, വയറിളക്കം, ശ്വാസകോശ രോഗങ്ങള്‍ തുടങ്ങിയവ മഴക്കാലത്ത് സാധാരണമാണ്. അതുകൊണ്ടുതന്നെ ഈ സമയത്ത് ശരീരത്തിന്റെ പ്രതിരോധശേഷി വര്‍ധിപ്പിക്കുന്നതില്‍ പ്രത്യേക ശ്രദ്ധ നല്‍കേണ്ടതുണ്ട്.

ഇസ്‌ലാം ആത്മീയതയുടെ കൂടെ മനുഷ്യന്റെ ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ഊന്നിപ്പറയുന്നുണ്ട്.

**ആരോഗ്യം നഷ്ടപ്പെടുന്നതിന് മുമ്പ് അതിന്റെ വില മനസ്സിലാക്കണമെന്ന് നബി (സ്വ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. മഴക്കാലത്ത് ആരോഗ്യസംരക്ഷണത്തിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുകയും ശരീരത്തെ അല്ലാഹുവിന്റെ അമാനത്തായി കണ്ട് സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ഓരോ മുസ്‌ലിമിന്റെയും കടമ.**

മനുഷ്യശരീരം അല്ലാഹു നൽകിയ ഒരു അമാനത്താണ്. ഈ അമാനത്തിനെ സംരക്ഷിക്കുക എന്നത് ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണ്.

അല്ലാഹു ഖുർആനിൽ പറയുന്നു: "നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിലേക്ക് തള്ളിവിടരുത്" (2:195).

ഈ ആയത്ത് ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കാനും രോഗങ്ങളിൽനിന്ന് സ്വയം സംരക്ഷിക്കാനുമുള്ള പ്രേരണ നൽകുന്നു.

**പ്രതിരോധശേഷി എന്തുകൊണ്ട് പ്രധാനമാണ്?**

ശരീരത്തിലേക്ക് പ്രവേശിക്കുന്ന രോഗാണുക്കളെ പ്രതിരോധിക്കാനുള്ള ശരീരത്തിന്റെ സ്വാഭാവിക സംവിധാനമാണ് പ്രതിരോധശേഷി. പ്രതിരോധശേഷി ശക്തമായിരിക്കുമ്പോൾ രോഗബാധയുടെ സാധ്യത കുറയുകയും രോഗം വന്നാൽ പോലും വേഗത്തിൽ സുഖം പ്രാപിക്കാൻ സാധിക്കുകയും ചെയ്യും.

ആധുനിക വൈദ്യശാസ്ത്രം രോഗപ്രതിരോധശേഷിയുടെ പ്രാധാന്യം ഊന്നിപ്പറയുമ്പോൾ, പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പേ ഇസ്‌ലാം ആരോഗ്യസംരക്ഷണത്തിനുള്ള അടിസ്ഥാന മാർഗങ്ങൾ മനുഷ്യരെ പഠിപ്പിച്ചിരുന്നു എന്ന് നാം തിരിച്ചറിയണം.

*ശുചിത്വം: രോഗപ്രതിരോധത്തിന്റെ ആദ്യപടി*

ഇസ്‌ലാമിക ജീവിതക്രമത്തിൽ ശുചിത്വത്തിന് വളരെ വലിയ സ്ഥാനമുണ്ട്. ഒരു മുസ്‌ലിം ദിവസേന അഞ്ചുനേരം നമസ്കാരത്തിനായി അംഗസ്നാനം (വുദൂഅ്) ചെയ്യുന്നു. ഇത് ആത്മീയ ശുദ്ധീകരണം മാത്രമല്ല, ശാരീരിക ശുചിത്വവും ഉറപ്പാക്കുന്ന സംവിധാനമാണ്.

നബി(സ്വ) പറഞ്ഞു: "ശുചിത്വം വിശ്വാസത്തിന്റെ പകുതിയാണ്" (മുസ്‌ലിം).

*മഴക്കാലത്ത് പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:*

ഭക്ഷണത്തിനു മുമ്പും ശേഷവും കൈകൾ നന്നായി കഴുകുക.

- തിളപ്പിച്ച വെള്ളം മാത്രം കുടിക്കാൻ ശ്രമിക്കുക.
- വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക.
- കൊതുകുകൾ വളരാനുള്ള സാഹചര്യം ഒഴിവാക്കുക.
- മഴയിൽ നനഞ്ഞ വസ്ത്രങ്ങൾ ഉടൻ മാറ്റുക.

ഇവ ചെറിയ കാര്യങ്ങളായി തോന്നുമെങ്കിലും രോഗപ്രതിരോധത്തിൽ വലിയ പങ്ക് വഹിക്കുന്നു.

**ആരോഗ്യകരമായ ഭക്ഷണശീലം**

ഇസ്‌ലാം ഭക്ഷണത്തിൽ മിതത്വം പാലിക്കാൻ പഠിപ്പിക്കുന്നു. അമിതഭക്ഷണവും അനാരോഗ്യകരമായ ഭക്ഷണശീലങ്ങളും ശരീരത്തെ ദുർബലപ്പെടുത്തുന്നു.

നബി(സ്വ) പറഞ്ഞു: "മനുഷ്യൻ നിറയ്ക്കുന്ന പാത്രങ്ങളിൽ ഏറ്റവും മോശമായത് അവന്റെ വയറാണ്" (തിർമിദി).

**പ്രതിരോധശേഷി വർധിപ്പിക്കാൻ സഹായിക്കുന്ന ചില ഭക്ഷണങ്ങൾ**

*തേൻ:*

ഖുർആനിൽ തേനിനെക്കുറിച്ച് പറയുന്നു: "അതിൽ

മനുഷ്യർക്ക് രോഗശമനമുണ്ട്" (16:69). തേനിൽ ധാരാളം ആന്റി ഓക്സിഡന്റുകളും രോഗപ്രതിരോധ ഘടകങ്ങളും അടങ്ങിയിട്ടുണ്ട്.

*കരിഞ്ചീരകം:*

നബി(സ്വ) പറഞ്ഞു: "കരിഞ്ചീരകത്തിൽ മരണം ഒഴികെയുള്ള എല്ലാ രോഗങ്ങൾക്കും ശമനമുണ്ട്" (ബുഖാരി).

*ഈന്തപ്പഴം:*

ഊർജത്തിന്റെയും പോഷകങ്ങളുടെയും മികച്ച ഉറവിടമാണ് ഈന്തപ്പഴം. ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ ശക്തിപ്പെടുത്താനും ഇത് സഹായിക്കുന്നു.

*പഴങ്ങളും പച്ചക്കറികളും:*

നെല്ലിക്ക, ഓറഞ്ച്, നാരങ്ങ, പേരയ്ക്ക, പപ്പായ തുടങ്ങിയ, വിറ്റാമിൻ സി അടങ്ങിയ ഭക്ഷണങ്ങൾ പ്രതിരോധശേഷി വർധിപ്പിക്കുന്നു.

*മതിയായ വെള്ളവും വിശ്രമവും:*

മഴക്കാലത്ത് ദാഹം കുറവായതിനാൽ പലരും ആവശ്യത്തിന് വെള്ളം കുടിക്കാറില്ല. എന്നാൽ ശരീരത്തിലെ വിഷാംശങ്ങൾ പുറന്തള്ളാനും ശരീരകോശങ്ങളുടെ പ്രവർ ത്തനം സുഗമമാക്കാനും വെള്ളം അത്യാവശ്യമാണ്.

അതുപോലെതന്നെ ഉറക്കവും വളരെ പ്രധാനമാണ്. ഉറക്കക്കുറവ് രോഗപ്രതിരോധശേഷിയെ ഗണ്യമായി കുറയ്ക്കുന്നു. നേരത്തെ ഉറങ്ങുകയും ഫജ്ർ നമസ്കാരത്തിനായി എഴുന്നേൽക്കുകയും ചെയ്യുന്ന ഇസ്‌ലാമിക ജീവിതശൈലി ശരീരത്തിന്റെ ആരോഗ്യത്തെ മെച്ചപ്പെടുത്തുന്നു.

**വ്യായാമത്തിന്റെ പ്രാധാന്യം**

ശരീരചലനങ്ങൾ കുറയുന്നത് പല രോഗങ്ങൾക്കും കാരണമാകുന്നു. ദിവസേന നടത്തം, ലഘുവായ വ്യായാമങ്ങൾ, ശാരീരിക പ്രവർത്തനങ്ങൾ എന്നിവ പ്രതിരോധശേഷി വർധിപ്പിക്കുന്നു.

നബി(സ്വ)യുടെ ജീവിതം സജീവതയും ആരോഗ്യകരമായ ശാരീരിക പ്രവർത്തനങ്ങളും നിറഞ്ഞതാ യിരുന്നു. കുതിരസവാരി, നീന്തൽ, അമ്പെയ്ത്ത് തുടങ്ങിയ ശാരീരിക കഴിവുകൾ അഭ്യസിക്കാൻ ഇസ്‌ലാം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

**മാനസികാരോഗ്യവും പ്രതിരോധശേഷിയും**

ആധുനിക പഠനങ്ങൾ മാനസിക സമ്മർദം രോഗപ്രതിരോധശേഷിയെ ദുർബലപ്പെടുത്തുമെന്ന് വ്യക്തമാക്കുന്നു. ഉത്കണ്ഠയും ഭയവും ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധ സംവിധാനത്തെ ബാധി ക്കും. അല്ലാഹു പറയുന്നു: "അറിയുക; അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ കൊണ്ടത്രെ ഹൃദയങ്ങൾക്ക് സമാധാനം ലഭിക്കുന്നത്" (13:28).

ദിക്റുകളും ദുആകളും ക്വുർആൻ പാരായണവും മാനസിക സമാധാനം നൽകുകയും ആരോഗ്യരമായ ജീവിതത്തിന് സഹായകമാവുകയും ചെയ്യുന്നു.

**രോഗം വന്നാൽ ചികിത്സ തേടുക**

ചിലർ രോഗം വന്നാൽ ചികിത്സ വൈകിപ്പിക്കാറുണ്ട്. എന്നാൽ ഇസ്‌ലാം ചികിത്സയെ പ്രോത്സാഹിപ്പിക്കുന്ന മതമാണ്. നബി(സ്വ) പറഞ്ഞു: "അല്ലാഹു ഒരു രോഗവും അതിനുള്ള ഔഷധവും നിശ്ചയിക്കാതെ ഇറക്കിയിട്ടില്ല"(ബുഖാരി).

അതുകൊണ്ട് രോഗലക്ഷണങ്ങൾ കണ്ടാൽ വിദഗ്ധ ചികിത്സ തേടുകയും ആവശ്യമായ മുൻകരുതലു കൾ സ്വീകരിക്കുകയും വേണം.

**വിശ്വാസിയും ആരോഗ്യവും**

ഒരു വിശ്വാസി ആത്മീയമായും ശാരീരികമായും ശക്തനായിരിക്കണം. നബി(സ്വ) പറഞ്ഞു: "ശക്തനായ വിശ്വാസി ദുർബലനായ വിശ്വാസിയെക്കാൾ അല്ലാഹുവിന് കൂടുതൽ പ്രിയങ്കരനും ഉത്തമനുമാണ്" (മുസ്‌ലിം).

ഈ ഹദീസ് ആരോഗ്യത്തിന്റെ പ്രാധാന്യം വളരെ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. ആരോഗ്യമുള്ള ശരീരം അല്ലാഹുവിനെ കൂടുതൽ നന്നായി ആരാധിക്കാനും കുടുംബത്തിനും സമൂഹത്തിനും കൂടുതൽ സേവനം ചെയ്യാനും സഹായിക്കുന്നു.

മഴക്കാലം അനുഗ്രഹങ്ങളുടെ കാലമാണെങ്കിലും രോഗങ്ങളുടെ കാലം കൂടിയാണ്. അതിനാൽ ശുചിത്വം, ആരോഗ്യകരമായ ഭക്ഷണം, മതിയായ ഉറക്കം, വ്യായാമം, മാനസിക സമാധാനം, അല്ലാഹുവിലുള്ള വിശ്വാസം എന്നിവയിലൂടെ പ്രതിരോധശേഷി വർധിപ്പിക്കാൻ ഓരോരുത്തരും ശ്രമിക്കണം.

ആരോഗ്യം നഷ്ടപ്പെടുന്നതിന് മുമ്പ് അതിന്റെ വില മനസ്സിലാക്കണമെന്ന് നബി(സ്വ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. മഴക്കാലത്ത് ആരോഗ്യസംരക്ഷണത്തിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുകയും ശരീരത്തെ അല്ലാഹുവിന്റെ അമാനത്തായി കണ്ട് സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ഓരോ മുസ്‌ലിമിന്റെയും കടമ. ■



# അകലം സൃഷ്ടിക്കുന്ന കൂടിച്ചേരലുകൾ

ഡോ. ഹുസ്ന ഹുസൈൻ

ജൂലൈ, ഓഗസ്റ്റ്... പ്രവാസികൾക്ക് വിവാഹങ്ങളുടെയും കുടുംബസംഗമങ്ങളുടെയും അവധിക്കാല കൂടിച്ചേരലുകളുടെയും മാസങ്ങൾ. വർഷങ്ങൾക്ക് ശേഷം ബന്ധുക്കളെയും സുഹൃത്തുക്കളെയും കാണാ നുള്ള സന്തോഷത്തോടെയാണ് പലരും ഇത്തരം പരിപാടികളിലേക്ക് പോകുന്നത്. സന്തോഷത്തോടെ പോയ ഒരാൾ, മടങ്ങിവരുമ്പോൾ മുഖത്തെ ചിരി മാഞ്ഞിരിക്കും. കാരണം വലിയൊരു വഴക്കോ പ്രശ്നമോ ആയിരിക്കണമെന്നില്ല. ചിലപ്പോൾ ഒരു വാക്ക് മാത്രമായിരിക്കും അതിനു കാരണം.

'തടി കൂടിയിട്ടുണ്ടല്ലോ!,' വയറൊക്കെ ചാടിയിട്ടുണ്ട് ട്ടോ.. ജോലിയൊന്നും ചെയ്യാറില്ലേ?,'എന്താ ഇത്ര ക്ഷീണിച്ചിരിക്കുന്നത്? അസുഖമാണോ?,' 'ആകെ കറുത്തുപോയല്ലോ!,' 'മുടിയൊക്കെ പോയി കഷണ്ടിയായിട്ടുണ്ടല്ലോ!,' 'ഇവളെന്താ ഇങ്ങനെ മെലിഞ്ഞുപോയത്? നീ ഒന്നും കഴിക്കാൻ കൊടുക്കാറില്ലേ?' ഇങ്ങനെയൊക്കെ ചോദിക്കുന്നവരുണ്ട്. അവർക്ക് ദുരുദ്ദേശ്യമൊന്നും ഉണ്ടായിരിക്കില്ല. എന്നാൽ കേൾക്കുന്നവരുടെ മനസ്സിൽ അത് വലിയൊരു മുറിവ് സൃഷ്ടിച്ചേക്കാം. അത്തരം വാക്കുകൾ കാരണം പിന്നീട് ആ വ്യക്തിയെ കാണാൻ പോലും ചിലർ മടിക്കുന്നു. 'വീണ്ടും അതേ ചോദ്യങ്ങൾ കേൾക്കേണ്ടി വരും' എന്ന ഭയം അവരെ അകറ്റുന്നു. സ്വന്തം കുഞ്ഞിനെക്കുറിച്ച് കേട്ട ഒരു പരാമർശം മനസ്സിൽ സൂക്ഷി ച്ച് സങ്കടത്തോടെ വീട്ടിലേക്ക് മടങ്ങുന്ന എത്രയോ ഉമ്മമാരുണ്ട്! നമ്മുടെ ചില വാക്കുകൾ അറിയാതെ തന്നെ ഹൃദയങ്ങൾക്കിടയിൽ അകലം സൃഷ്ടിക്കുന്നു!

നമ്മുടെ സമൂഹത്തിൽ ശരീരത്തെക്കുറിച്ചുള്ള ഇത്തരം അഭിപ്രായപ്രകടനങ്ങൾ (Body Shaming) വളരെ സാധാരണമാണ്. തടിയുള്ളവരോട് മെലിയാൻ പറയുക, മെലിഞ്ഞവരോട് തടിക്കണമെന്ന് പറയുക, നിറം, ഉയരം, പ്രായം എന്നിവയെക്കുറിച്ച് അനാവശ്യ ചോദ്യങ്ങൾ ചോദിക്കുക... വിവാഹം കഴിഞ്ഞവരെയും ഗർഭിണികളെയും പ്രസവിച്ചിട്ട് മാസങ്ങൾ മാത്രം കഴിഞ്ഞ സ്ത്രീകളെയും കുട്ടികളെയും വരെ അവരുടെ രൂപത്തെക്കുറിച്ച് ചോദിച്ച് ബുദ്ധിമുട്ടിക്കുന്നവരുണ്ട്.

അല്ലാഹു ഓരോ മനുഷ്യനെയും വ്യത്യസ്തരായാണ് സൃഷ്ടിച്ചിരിക്കുന്നത്. ഒരാളുടെ ശരീരഘടന, നിറം, ഉയരം, ഭാരം, ആരോഗ്യം ഇവയെല്ലാം അല്ലാഹുവിന്റെ ഹിക്മത്തോടെയുള്ള (ജ്ഞാനത്തോടെയുള്ള) സൃഷ്ടിയുടെ ഭാഗമാണ്.

പ്രത്യേക പരിചരണവും ദീർഘകാല ചികിത്സയും ആവശ്യമായ കുട്ടികളുടെ മാതാപിതാക്കളോടും നാം കൂടുതൽ കരുതലോടെ സംസാരിക്കണം. 'ഇപ്പോൾ എന്തെങ്കിലും മാറ്റമുണ്ടോ?, 'സംസാരിക്കാൻ തുടങ്ങിയോ?,' 'നടക്കാനായോ?' എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പലപ്പോഴും സ്നേഹത്തോടെ ചോദിക്കുന്നതായിരിക്കാം. എന്നാൽ ഓരോ കൂടിക്കാഴ്ചയിലും ഇത്തരം ചോദ്യങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ, ആ മാതാപിതാക്കളുടെ മനസ്സിന് അതൊരു വലിയ ഭാരമായി മാറിയേക്കാം. അവർ ദിവസേന പ്രതീക്ഷയോടെയും പ്രാർഥനയോടെയും ചെറിയ ചെറിയ പുരോഗതികൾക്കായി കാത്തിരിക്കുന്നവരാണ്. അവരുടെ യാത്രയ്ക്ക് സമയമെടുക്കും. അതുകൊണ്ട്, പുരോഗതി ചോദിക്കുന്നതിലുപരി, അവർക്ക് വേണ്ടി ദുആ ചെയ്യുകയും, 'അല്ലാഹു എളുപ്പമാക്കട്ടെ,' 'അല്ലാഹു കുഞ്ഞിന് ശിഫ നൽകട്ടെ' എന്നൊക്കെ പറയലും പ്രാർഥിക്കലുമാണ് മനോഹരമായ സമീപനം.

നബി(സ) പറഞ്ഞു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലത് സംസാരിക്കട്ടെ; അല്ലെങ്കിൽ മൗനം പാലിക്കട്ടെ" (ബുഖാരി, മുസ്ലിം).

ഒരു മുസ്ലിമിനെ കണ്ടുമുട്ടുമ്പോൾ നമ്മുടെ നാവിൽ നിന്ന് ആദ്യം പുറത്തുവരേണ്ടത് സലാമാണ്. അതിന് ശേഷം വിമർശനങ്ങളല്ല, ദുആകളായിരിക്കണം വരാൻ. 'മാശാ അല്ലാഹ്,' 'ബാറകല്ലാഹു ഫീക്' പോലുള്ള വാക്കുകൾ ഹൃദയത്തെ സ്പർശിക്കും. ■



# മിനാരങ്ങൾക്കു മുകളിലെ ബുൾഡോസറുകൾ

റൈഹാൻ ഷഹീദ്
: 8921259204

**രാജ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വാഭാവിക നടപടി എന്ന പേരിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പള്ളികൾ പൊളിച്ചുമാറ്റുന്നത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. നനഞ്ഞുകുതിർന്നവന്റെ കുളിരറ്റ പ്രതികരണങ്ങൾ മാത്രമാണ് മുസ്‌ലിം സമുദായത്തിൽനിന്ന് വന്നുകൊണ്ടിരിക്കുന്നത്. സ്വന്തം തലയ്ക്ക് മുകളിൽ ബുൾഡോസർ ബ്ലേഡ് ഉയർന്നാൽ മാത്രമെ പ്രതികരിക്കൂ എന്നത് നിസ്സംഗത മാത്രമല്ല, ഭീരുത്വം കൂടിയാണ്.**

2026 ലെ ഇന്ത്യയിൽ മുസ്‌ലിം സമൂഹത്തെ ആശങ്കപ്പെടുത്തുന്ന വാർത്തകൾ പതിവായി മാറിക്കൊണ്ടിരിക്കുകയാണ്. രാജസ്ഥാനിലെ ജയ്പൂരിൽ ഒരു പള്ളി പൊളിച്ചുമാറ്റപ്പെട്ടു. ബാർമേറിൽ നാല് പള്ളികൾ പൊളിച്ചു. മീററ്റിൽ രണ്ടു നൂറ്റാണ്ടിലേറെ പഴക്കമുള്ള ഒരു പള്ളിക്ക് ഒഴിപ്പിക്കൽ നോട്ടീസ് ലഭിച്ചു. വാരണാസിയിൽ ആയിരം വർഷത്തോളം പഴക്കമുണ്ടെന്ന് പറയപ്പെടുന്ന ഒരു പള്ളി പൊളിച്ചുമാറ്റപ്പെടുമോ എന്ന ആശങ്ക ഉയർന്നിരിക്കുകയാണ്. ഡൽഹി, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, ഹരിയാന തുടങ്ങിയ, ബി.ജെ.പി ഭരിക്കുന്ന

സംസ്ഥാനങ്ങളിൽ മുസ്‌ലിം ആരാധനാലയങ്ങൾക്കെതിരായ പൊളിച്ചുനീക്കൽ നടപടികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള വാർത്തകൾ ഇന്ന് അപൂർവ സംഭവങ്ങളല്ല; മറിച്ച് ആവർത്തിക്കപ്പെടുന്ന യാഥാർഥ്യങ്ങളായി മാറുകയാണ്. ഈ സംഭവങ്ങൾ മുസ്‌ലിം സമൂഹത്തിൽ 'രാജ്യത്തിന്റെ ഭരണസംവിധാനങ്ങളും രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും തങ്ങളെ തുല്യ പൗരന്മാരായി കാണുന്നുണ്ടോ' എന്ന ചോദ്യമുയർത്തുന്നുണ്ട്.

**കണക്കുകൾ പറയുന്ന കഥ**

സാമൂഹിക മാധ്യമങ്ങളിലൂടെയും വാർത്താ റിപ്പോർട്ടുകളിലൂടെയും വരുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ പലപ്പോഴും വലിയൊരു പ്രവണതയെ മറച്ചുവെക്കാറുണ്ട്. അതുകൊണ്ടാണ് കണക്കുകൾ പ്രധാനമാകുന്നത്. സമീപകാലത്ത് പുറത്തുവന്ന ചില റിപ്പോർട്ടുകൾ പ്രകാരം വെറും 45 ദിവസത്തിനുള്ളിൽ 23ലധികം മുസ്‌ലിം ആരാധനാലയങ്ങളും മതസ്ഥാപനങ്ങളും വിവിധ സംസ്ഥാനങ്ങളിൽ പൊളിച്ചുമാറ്റപ്പെട്ടതായോ ഒഴിപ്പിക്കൽ നടപടികൾ നേരിട്ടതായോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ പള്ളികൾ മാത്രമല്ല, മദ്റസകൾ, ഈദ്ഗാഹുകൾ, ദർഗകൾ എന്നിവയും ഉൾപ്പെടുന്നു.

ഈ സാഹചര്യത്തിൽ 'നിയമം ഒരേ രീതിയിലാണോ നടപ്പാക്കപ്പെടുന്നത്' എന്ന ചോദ്യം പ്രസക്തമാണ്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അനുമതിയില്ലാതെ നിർമിക്കപ്പെട്ടതോ ഭൂമി തർക്കങ്ങളുള്ളതോ ആയ അനേകം മതസ്ഥാപനങ്ങൾ വിവിധ മതവിഭാഗങ്ങൾക്കുമുണ്ട്. എന്നാൽ പൊളിച്ചുനീക്കൽ നടപടികളിൽ മുസ്‌ലിം ആരാധനാലയങ്ങൾ അനുപാതികമായി കൂടുതലായി ലക്ഷ്യമിടപ്പെടുന്നുണ്ടോ എന്ന ചോദ്യം മനുഷ്യാവകാശ പ്രവർത്തകരും സാമൂഹിക നിരീക്ഷകരും ഉയർത്തുന്നുണ്ട്.

മറ്റൊരു ശ്രദ്ധേയമായ കാര്യം, ഈ സംഭവങ്ങളോടുള്ള പൊതുസമൂഹത്തിന്റെ പ്രതികരണമാണ്. ഏതാനും വർഷങ്ങൾക്കു മുമ്പ് ഇത്തരം സംഭവങ്ങൾ ദേശീയ തലത്തിൽ വലിയ ചർച്ചകൾക്ക് കാരണമായിരുന്നു. എന്നാൽ ഇന്ന് പല സംഭവങ്ങളും ഏതാനും ദിവസത്തെ വാർത്തകൾക്ക് ശേഷം പൊതുചർച്ചയിൽനിന്ന് അപ്രത്യക്ഷമാകുന്നു; അല്ലെങ്കിൽ തീരെ ചർച്ച ചെയ്യപ്പെടാതെ പോകുന്നു.

ഒരു പള്ളി പൊളിക്കപ്പെടുന്നതിൽ മാത്രം പ്രശ്നം ഒതുങ്ങുന്നില്ല. ഒരു സമുദായത്തിന്റെ ആശങ്കകളും പരാതികളും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ പോലും എത്താതെ പോകുന്ന സാഹചര്യം രൂപപ്പെടുന്നുണ്ടോ എന്നതാണ് യഥാർഥ ചോദ്യം. അതിനാലാണ് പല സാമൂഹിക നിരീക്ഷകരും ഈ സംഭവങ്ങളെ വെറും ഭൂമി തർക്കങ്ങളായോ നിയമനടപടികളായോ മാത്രം കാണാതെ, സമകാലിക ഇന്ത്യയിലെ ന്യൂനപക്ഷ അനുഭവത്തിന്റെ ഭാഗമായാണ് വായിക്കുന്നത്.

**നിയമമോ തിരഞ്ഞെടുക്കപ്പെട്ട നിയമപ്രയോഗമോ?**

മുസ്‌ലിം ആരാധനാലയങ്ങൾക്കെതിരായ നടപടികളെക്കുറിച്ചുള്ള ചർച്ചകളിൽ സർക്കാർ സംവിധാനങ്ങൾ സാധാരണയായി മുന്നോട്ടുവെക്കുന്ന വാദം നിയമപരമായതാണ്. ഭൂമി കയ്യേറ്റം, അനധികൃത നിർമാണം, വികസന പദ്ധതികൾ, കോടതി ഉത്തരവുകൾ തുടങ്ങിയ കാരണങ്ങളാണ് പലപ്പോഴും ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഒരു നിയമവാഴ്ചയുള്ള സമൂഹത്തിൽ ഇത്തരം കാരണങ്ങളെ പൂർണമായും തള്ളിക്കളയാൻ കഴിയില്ല. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമായിരിക്കണം.

എന്നാൽ ഒരു ജനാധിപത്യ സമൂഹത്തിൽ നിയമത്തിന്റെ നിലനിൽപ്പുപോലെ പ്രധാനമാണ് നിയമം എങ്ങനെ പ്രയോഗിക്കപ്പെടുന്നു എന്നതും. കാരണം ചരിത്രം നമ്മെ പഠിപ്പിക്കുന്നത് നിയമങ്ങൾ പോലും പലപ്പോഴും വിവേചനപരമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്നാണ്. അമേരിക്കയിലെ വർണവിവേചന കാലഘട്ടത്തിലും ദക്ഷിണാഫ്രിക്കയിലെ അപ്പാർത്തീഡ് ഭരണകാലത്തും പല അനീതികളും 'നിയമപരമായി' ന്യായീകരിക്കപ്പെട്ടിരുന്നു. അതിനാൽ ഒരു നടപടിയെ നിയമപരമാണെന്ന് പറയുന്നതുകൊണ്ട് മാത്രം അത് നീതിപൂർവമാണെന്ന് തെളിയിക്കാനാവില്ല.

ഇന്ത്യയിലെ വിവിധ നഗരങ്ങളിലും ഗ്രാമങ്ങളിലും സർക്കാർ ഭൂമിയിലോ തർക്കഭൂമിയിലോ നിർമിക്കപ്പെട്ടിട്ടുള്ള ആരാധനാലയങ്ങൾ എല്ലാ മതവിഭാഗങ്ങൾക്കുമുണ്ട്. റോഡുകളുടെ നടുവിലും പൊതുസ്ഥലങ്ങളിലും വർഷങ്ങളായി നിലനിൽക്കുന്ന ക്ഷേത്രങ്ങളും ക്രൈസ്തവ പള്ളികളും മറ്റു മതസ്ഥാപനങ്ങളും രാജ്യത്തിന്റെ പല ഭാഗങ്ങളിലും കാണാം.

എന്നാൽ പൊളിച്ചുനീക്കൽ നടപടികൾ വരുമ്പോൾ മുസ്‌ലിം സ്ഥാപനങ്ങളാണ് കൂടുതൽ ലക്ഷ്യം വയ്ക്കപ്പെടുന്നതെങ്കിൽ സ്വാഭാവികമായും സംശയങ്ങൾ ഉയരും. ഇത് വെറും മുസ്‌ലിം സംഘടനകളുടെ ആരോപണമല്ല. നിരവധി മനുഷ്യാവകാശ പ്രവർത്തകരും സാമൂഹിക നിരീക്ഷകരും നിയമം ഒരുപോലെ നടപ്പാക്കപ്പെടുന്നുണ്ടോ എന്ന ചോദ്യം ആവർത്തിച്ച് ഉയർത്തുന്നുണ്ട്.

സമീപകാല ഇന്ത്യയിൽ 'ബുൾഡോസർ രാഷ്ട്രീയം' (Bulldozer Politics) എന്ന പദം പോലും രാഷ്ട്രീയ ചർച്ചകളുടെ ഭാഗമായി മാറിയിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ കുറ്റാരോപിതരുടെ വീടുകൾ കോടതി നടപടികൾ പൂർത്തിയാകുന്നതിന് മുമ്പു തന്നെ പൊളിച്ചുമാറ്റുന്നതിനെ മനുഷ്യാവകാശ സംഘടനകൾ വിമർശിച്ചിട്ടുണ്ട്. വിമർശകരുടെ അഭിപ്രായത്തിൽ ഇത്തരം നടപടികൾ നിയമവാഴ്ചയെക്കാൾ രാഷ്ട്രീയ സന്ദേശങ്ങളാണ് നൽകുന്നത്.

പ്രശ്നം ഒരു പള്ളി പൊളിച്ചോ ഇല്ലയോ എന്നതല്ല; ഒരു പ്രത്യേക സമുദായത്തിന് നിയമസംവിധാനത്തിൽ തുല്യ സംരക്ഷണം ലഭിക്കുന്നുണ്ടോ എന്നതാണ്. ഒരു ജനാധിപത്യ രാജ്യത്തിന്റെ ശക്തി അതിന്റെ ഭൂരിപക്ഷം എത്ര ശക്തമാണെന്നതിലല്ല; അതിലെ ന്യൂനപക്ഷങ്ങൾ എത്ര സുരക്ഷിതരാണെന്നതിലാണ്.

**ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അനുമതിയില്ലാതെ നിർമിക്കപ്പെട്ടതോ ഭൂമി തർക്കങ്ങളുള്ളതോ ആയ അനേകം മതസ്ഥാപനങ്ങൾ വിവിധ മതവിഭാഗങ്ങൾക്കുമുണ്ട്. എന്നാൽ പൊളിച്ചുനീക്കൽ നടപടികളിൽ മുസ്‌ലിം ആരാധനാലയങ്ങൾ അനുപാതികമായി കൂടുതലായി ലക്ഷ്യമിടപ്പെടുന്നുണ്ടോ എന്ന ചോദ്യം മനുഷ്യാവകാശ പ്രവർത്തകരും സാമൂഹിക നിരീക്ഷകരും ഉയർത്തുന്നുണ്ട്.**

**പള്ളി വെറുമൊരു കെട്ടിടമോ?**

ഒരു പള്ളി പൊളിക്കപ്പെടുമ്പോൾ പലരും ചോദിക്കാറുണ്ട്: 'അത് ഒരു കെട്ടിടം മാത്രമല്ലേ? വേറെ എവിടെയെങ്കിലും പണിയാമല്ലോ.'

ഈ ചോദ്യം പുറമെ ലളിതമായി തോന്നാമെങ്കിലും ഒരു ആരാധനാലയത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യം മനസ്സിലാക്കാൻ അത് പര്യാപ്തമല്ല. ഒരു പള്ളി നമസ്കാരത്തിനുള്ള സ്ഥലം മാത്രമല്ല. അത് ഒരു സമുദായത്തിന്റെ ചരിത്രമാണ്. അത് തലമുറകളുടെ ഓർമകളാണ്. അത് ഒരു പ്രദേശത്തിന്റെ സാമൂഹിക ജീവിതത്തിന്റെ കേന്ദ്രമാണ്. ഇന്ത്യയിലെ പല പള്ളികളും നൂറുകണക്കിന് വർഷങ്ങളുടെ ചരിത്രം വഹിക്കുന്നവയാണ്. ചില പള്ളികൾ പ്രദേശത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ചിലത് സാമൂഹിക സേവനങ്ങളുടെ കേന്ദ്രങ്ങളാണ്. ചിലത് പ്രദേശവാസികളുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുടെ സാക്ഷികളാണ്.


ഒരു മനുഷ്യൻ തന്റെ ബാല്യകാലം മുതൽ നമസ്കരിച്ചിരുന്ന പള്ളി നഷ്ടപ്പെടുമ്പോൾ നഷ്ടമാകുന്നത് ജീവിതത്തിന്റെ ഒരു ഭാഗമാണ്. അതിനാലാണ് ലോകമെമ്പാടും ചരിത്രപ്രാധാന്യമുള്ള ആരാധനാലയങ്ങളെ സാംസ്കാരിക പൈതൃകമായി സംരക്ഷിക്കുന്നത്. യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന നിരവധി പള്ളികൾ, ക്ഷേത്രങ്ങൾ, ചർച്ചുകൾ എന്നിവയുടെ സംരക്ഷണത്തിന് പിന്നിലും ഈ ചിന്ത തന്നെയാണ്.

ഇന്ത്യയുടെ ചരിത്രവും ബഹുസ്വരതയും വിവിധ മതസമുദായങ്ങളുടെ സംഭാവനകളുടെ ആകെത്തുകയാണ്. മുസ്‌ലിംകൾ, ഹിന്ദുക്കൾ, സിഖുകാർ, ക്രൈസ്തവർ, ജൈനർ, ബുദ്ധർ തുടങ്ങി വിവിധ സമൂഹങ്ങൾ

ചേർന്നാണ് ഇന്ത്യൻ സംസ്കാരം രൂപപ്പെട്ടത്. അതുകൊണ്ട് ഒരു സമുദായത്തിന്റെ ആരാധനാലയങ്ങൾ തുടർച്ചയായി വിവാദങ്ങളുടെയും പൊളിച്ചുനീക്കലുകളുടെയും കേന്ദ്രമാകുമ്പോൾ അത് ആ സമുദായത്തിന്റെ അസ്തിത്വബോധത്തെയും ബാധിക്കുന്നു. ഈ അനുഭവത്തെയാണ് പല ബുദ്ധിജീവികളും ‘അപരവൽക്കരണം’ (Othering) എന്ന് വിശേഷിപ്പിക്കുന്നത്. അതായത് ഒരു സമുദായം രാജ്യത്തിന്റെ തുല്യ പങ്കാളിയല്ലെന്നും എപ്പോഴും സംശയത്തിന്റെ നിഴലിൽ നിൽക്കുന്ന ഒരു വിഭാഗമാണെന്നുമുള്ള ബോധം.

**സിയാഉസ്സലാമിന്റെ നിരീക്ഷണം**

സമകാലിക ഇന്ത്യയിലെ മുസ്‌ലിം ജീവിതാനുഭവങ്ങളെ മനസ്സിലാക്കാൻ സഹായിക്കുന്ന പ്രധാന കൃതികളിലൊന്നാണ് മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ സിയാഉസ്സലാമിന്റെ Being Muslim in Hindu India (2024). ‘ഹിന്ദുത്വ ഇന്ത്യയിലെ മുസ്‌ലിം’ എന്ന തലക്കെട്ടിൽ പ്രസ്തുത പുസ്തകം മലയാളത്തിലും പരിഭാഷപ്പെടുത്തിയിട്ടുണ്ട്.




**ഭരണകൂടത്തെയും രാഷ്ട്രീയ ശക്തികളെയും നിരീക്ഷിക്കുകയും അധികാരത്തോട് ചോദ്യങ്ങൾ ചോദിക്കുകയും അവഗണിക്കപ്പെടുന്നവരുടെ ശബ്ദം പൊതുസമൂഹത്തിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് മാധ്യമങ്ങളുടെ അടിസ്ഥാന ദൗത്യം. എന്നാൽ സമകാലിക ഇന്ത്യയിൽ മുസ്‌ലിം സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന രീതിയെക്കുറിച്ച് നിരവധി ആശങ്കകൾ ഉയരുന്നുണ്ട്.**

‘ഇന്ത്യയിലെ മുസ്‌ലിം’ എന്നല്ല; ‘ഹിന്ദുത്വ ഇന്ത്യയിലെ മുസ്‌ലിം’ എന്നാണ് അദ്ദേഹം പുസ്തകത്തിനു പേരിട്ടിരിക്കുന്നത്. ഈ പേരിനുള്ളിൽതന്നെ ഒരു ചോദ്യമുണ്ട്: ‘സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഭരണഘടനാപരമായ മതേതര സ്വപ്നത്തിൽനിന്ന് ഇന്ന് രാജ്യം മറ്റൊരു രാഷ്ട്രീയ-സാംസ്കാരിക ദിശയിലേക്ക് നീങ്ങുകയാണോ?’

പുസ്തകത്തിൽ സിയാഉസ്സലാം ഇന്ത്യയിലെ മുസ്‌ലിംകളുടെ അനുഭവങ്ങളെ വിവിധ തലങ്ങളിൽ പരിശോധിക്കുന്നുണ്ട്. മാധ്യമങ്ങൾ, രാഷ്ട്രീയം, വിദ്യാഭ്യാസം, നിയമസംവിധാനം, പൊതുസമൂഹം എന്നിവ മുസ്‌ലിംകളെ എങ്ങനെ കാണുന്നു എന്നതിനെക്കുറിച്ചാണ് പ്രധാന ചർച്ച. ഇന്ത്യയിലെ മുസ്‌ലിംകൾ ഇന്ന് വെറും സാമ്പത്തികമോ സാമൂഹികമോ ആയ വെല്ലുവിളികൾ മാത്രമല്ല നേരിടുന്നതെന്ന് അദ്ദേഹം പറയുന്നു. അവരുടെ ദേശീയതയും ദേശസ്നേഹവും പൗരത്വവും പോലും നിരന്തരം ചോദ്യം ചെയ്യപ്പെടുന്ന ഒരു സാഹചര്യമാണ് രൂപപ്പെട്ടിരിക്കുന്നതെന്ന് അദ്ദേഹം വിലയിരു ത്തുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിംകൾ ഭരണഘടനയുടെ അടിസ്ഥാനത്തിൽ തുല്യ പൗരന്മാരായിരുന്നു. എന്നാൽ സമീപ വർഷങ്ങളിൽ പൊതുചർച്ചകളിൽ മുസ്‌ലിംകളെ പലപ്പോഴും ‘മറ്റവൻ’ (the other) എന്ന നിലയിൽ അവതരിപ്പിക്കുന്ന പ്രവണത ശക്തിപ്പെട്ടതായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

ടെലിവിഷൻ ചർച്ചകളിൽനിന്ന് തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിലേക്കും സോഷ്യൽ

മീഡിയയിൽനിന്ന് സിനിമകളിലേക്കും മുസ്‌ലിംകളെക്കുറിച്ചുള്ള ചില സ്ഥിരം ധാരണകൾ ആവർത്തിക്കപ്പെടുന്നതായി അദ്ദേഹം നിരീക്ഷിക്കുന്നു:

- മുസ്‌ലിംകൾ രാഷ്ട്രസ്നേഹത്തിൽ സംശയാസ്പദരാണ്.
- മുസ്‌ലിംകൾ ജനസംഖ്യാ ഭീഷണിയാണ്.
- മുസ്‌ലിംകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കുന്നു.
- മുസ്‌ലിംകൾ ചരിത്രത്തിലെ ആക്രമണകാരികളുടെ പിൻഗാമികളാണ്.

ഇത്തരം ആശയങ്ങൾ തുടർച്ചയായി പ്രചരിപ്പിക്കപ്പെടുമ്പോൾ ഒരു സാധാരണ മുസ്‌ലിമിന്റെ സാമൂഹിക അനുഭവം എങ്ങനെ മാറുന്നു എന്നതാണ് പുസ്തകത്തിന്റെ പ്രധാന ചർച്ചകളിലൊന്ന്. പ്രശ്നം ചില ഒറ്റപ്പെട്ട വിദ്വേഷ പ്രസ്താവനകളല്ല; മറിച്ച് ഒരു സമുദായത്തെക്കുറിച്ചുള്ള നെഗറ്റീവ് ധാരണകൾ പൊതുബോധത്തിന്റെ ഭാഗമായി മാറുന്നതാണ്.

'മുസ്‌ലിമായിരിക്കുക എന്നത് അനാഥനായിരിക്കുക'-സിയാഉസ്സലാമിന്റെ പുസ്തകത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വാചകങ്ങളിലൊന്നാണ്: 'Being Muslim is to be an orphan in India today' (ഇന്നത്തെ ഇന്ത്യയിൽ മുസ്‌ലിമായിരിക്കുക എന്നത് അനാഥനായിരിക്കുക പോലെയാണ്).

ഇവിടെ 'അനാഥൻ' എന്ന പദം മാതാപിതാക്കൾ ഇല്ല എന്ന അർഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്. ഒരു വ്യക്തി അനാഥനാകുമ്പോൾ അവന് പ്രതിസന്ധി ഘട്ടങ്ങളിൽ ആശ്രയിക്കാൻ ശക്തമായ ഒരു സംരക്ഷണ സംവിധാനമില്ലാതാകുന്നു. ഇന്നത്തെ ഇന്ത്യയിലെ നിരവധി മുസ്‌ലിംകൾക്ക് സമാനമായ ഒരു അനുഭവമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

**ഭരണകൂടത്തെയും രാഷ്ട്രീയ ശക്തികളെയും നിരീക്ഷിക്കുകയും അധികാരത്തോട് ചോദ്യങ്ങൾ ചോദിക്കുകയും അവഗണിക്കപ്പെടുന്നവരുടെ ശബ്ദം പൊതുസമൂഹത്തിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് മാധ്യമങ്ങളുടെ അടിസ്ഥാന ദൗത്യം. എന്നാൽ സമകാലിക ഇന്ത്യയിൽ മുസ്‌ലിം സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന രീതിയെക്കുറിച്ച് നിരവധി ആശങ്കകൾ ഉയരുന്നുണ്ട്.**

ഒരു പള്ളി പൊളിക്കപ്പെടുമ്പോൾ, ഒരു മുസ്‌ലിം യുവാവ് വിദ്വേഷ കുറ്റകൃത്യത്തിന് ഇരയാകുമ്പോൾ, ഒരു സമുദായത്തിനെതിരെ വിദ്വേഷ പ്രസംഗങ്ങൾ നടക്കുമ്പോൾ, ആരാണവർക്കുവേണ്ടി ശബ്ദമുയർത്തുന്നത്? ഇതാണ് അദ്ദേഹം ഉയർത്തുന്ന ചോദ്യം.

ഭരണകൂടം നിശ്ശബ്ദമാണ്. ഭൂരിഭാഗം ദേശീയ രാഷ്ട്രീയ പാർട്ടികൾ മുസ്‌ലിം വിഷയങ്ങളെക്കുറിച്ച് തുറന്നു സംസാരിക്കാൻ മടിക്കുന്നു. തിരഞ്ഞെടുപ്പ് രാഷ്ട്രീയം കാരണം മുസ്‌ലിം അവകാശങ്ങളെക്കുറിച്ച് സംസാരിക്കുന്നത് പോലും 'പ്രീതിപ്പെടുത്തൽ' (appeasement) എന്ന ആരോപണത്തിന് കാരണമാകുന്ന സാഹചര്യം രൂപപ്പെട്ടിരിക്കുന്നു.

പ്രധാന പ്രതിപക്ഷ പാർട്ടികൾ പോലും പലപ്പോഴും മുസ്‌ലിം വിഷയങ്ങളിൽ ജാഗ്രതാപൂർവമായ നിശ്ശബ്ദത പാലിക്കുന്നതായി കാണാം. ഈ പശ്ചാത്തലത്തിലാണ് 'അനാഥത്വം' എന്ന പ്രയോഗം പ്രസക്തമാകുന്നത്. ഇതൊരു സമുദായത്തിന്റെ മനഃശാസ്ത്രപരമായ അനുഭവത്തെക്കുറിച്ചുള്ള വിവരണമാണ്. ഒരു ജനാധിപത്യ രാജ്യത്തിന്റെ ആരോഗ്യനില അളക്കുന്നത് ഭൂരിപക്ഷത്തിന്റെ സുരക്ഷിതത്വം നോക്കിയല്ല; ന്യൂനപക്ഷങ്ങളുടെ സുരക്ഷിതത്വം നോക്കിയാണ്.

### മാധ്യമ നിശ്ശബ്ദതയും പൊതുസമൂഹവും

ജനാധിപത്യ വ്യവസ്ഥയിൽ മാധ്യമങ്ങളെ പലപ്പോഴും 'നാലാമത്തെ തൂൺ' എന്ന് വിശേഷിപ്പിക്കാറുണ്ട്. ഭരണകൂടത്തെയും രാഷ്ട്രീയ ശക്തികളെയും നിരീക്ഷിക്കുകയും അധികാരത്തോട് ചോദ്യങ്ങൾ ചോദിക്കുകയും അവഗണിക്കപ്പെടുന്നവരുടെ ശബ്ദം പൊതുസമൂഹത്തിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് മാധ്യമങ്ങളുടെ അടിസ്ഥാന ദൗത്യം. എന്നാൽ സമകാലിക ഇന്ത്യയിൽ മുസ്‌ലിം സമൂഹവുമായി ബന്ധപ്പെട്ട

വിഷയങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന രീതിയെക്കുറിച്ച് നിരവധി ആശങ്കകൾ ഉയരുന്നുണ്ട്.

മുസ്‌ലിംകളെ ബാധിക്കുന്ന പല സംഭവങ്ങളും പലപ്പോഴും ദേശീയ വാർത്തകളായി മാറുന്നില്ല. ഒരു പള്ളി പൊളിക്കപ്പെടുമ്പോഴോ ഒരു മദ്റസ അടച്ചുപൂട്ടപ്പെടുമ്പോഴോ അത് ഏതാനും ദിവസത്തെ വാർത്തകളിൽ ഒതുങ്ങിപ്പോകുന്നു. എന്നാൽ മുസ്‌ലിംകളെ പ്രതിക്കൂട്ടിൽ നിർത്തുന്ന വിഷയങ്ങൾ ആഴ്ചകളോളം ടെലിവിഷൻ ചർച്ചകളിലും സോഷ്യൽ മീഡിയയിലും നിറഞ്ഞുനിൽക്കാറുണ്ട്.

ഈ അവസ്ഥയെ മാധ്യമപഠന രംഗത്ത് 'ഫ്രെയിമിംഗ്' (Framing) എന്നാണ് വിളിക്കുന്നത്. അതായത് ഒരു വാർത്ത എന്താണ് എന്നതിനെക്കാൾ അത് എങ്ങനെ അവതരിപ്പിക്കപ്പെടുന്നു എന്നതാണ് പൊതുബോധത്തെ സ്വാധീനിക്കുന്നത്. മുസ്‌ലിംകൾ വാർത്തകളിൽ പ്രത്യക്ഷപ്പെടുന്നത് പലപ്പോഴും സുരക്ഷാപ്രശ്നങ്ങൾ, തീവ്രവാദം, ജനസംഖ്യാചർച്ചകൾ, മതപരമായ വിവാദങ്ങൾ തുടങ്ങിയ വിഷയങ്ങളിലൂടെയാണ്. അതേസമയം മുസ്‌ലിംകളുടെ സാമൂഹിക സംഭാവനകൾ, വിദ്യാഭ്യാസനേട്ടങ്ങൾ, അവകാശപ്രശ്നങ്ങൾ എന്നിവയ്ക്ക് യാതൊരുവിധ ശ്രദ്ധയും ലഭിക്കാറില്ല.



**ഒരു മുസ്‌ലിം പൗരൻ തന്റെ ആരാധനാലയത്തെയും വിദ്യാഭ്യാസ സ്ഥാപനത്തെയും മതപരമായ അസ്തിത്വത്തെയും കുറിച്ച് ആശങ്കപ്പെടേണ്ട സാഹചര്യം രൂപപ്പെടുന്നുണ്ടെങ്കിൽ, അത് ഭരണഘടനയുടെ ആത്മാവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. ഭരണഘടനയുടെ ശക്തി അതിലെ ആർട്ടിക്കിളുകളിലല്ല; അവയുടെ പ്രായോഗികമായ നടപ്പാക്കലിലാണ്. ഒരു അവകാശം പുസ്തകത്തിൽ എഴുതിയിട്ടുണ്ടെന്നതുകൊണ്ട് മാത്രം മതിയാകില്ല. അത് സമൂഹത്തിൽ അനുഭവിക്കാൻ കഴിയണം.**

ഇത് വെറും മാധ്യമപ്രശ്നമല്ല; പൊതുസമൂഹത്തിന്റെ ധാർമിക സംവേദനങ്ങളുമായി ബന്ധപ്പെട്ട വിഷയമാണ്. ഒരു ജനാധിപത്യ സമൂഹത്തിന്റെ ശക്തി സ്വന്തം സമുദായത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലല്ല; മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ തയ്യാറാകുന്നതിലാണ്. മുസ്‌ലിംകളുടെ പ്രശ്നങ്ങൾ മുസ്‌ലിംകളുടെ മാത്രം പ്രശ്നങ്ങളാണെന്ന സമീപനം ഒടുവിൽ ജനാധിപത്യത്തിന്റെ തന്നെ പരാജയമായി മാറും. അനീതിയെക്കാൾ പലപ്പോഴും വേദനാജനകമാകുന്നത് അതിനോടുള്ള സമൂഹത്തിന്റെ അനാസ്ഥയാണ്.

### ഭൂരിപക്ഷ രാഷ്ട്രീയവും മുസ്‌ലിം അസ്തിത്വവും

കഴിഞ്ഞ ഏതാനും ദശകങ്ങളായി ഇന്ത്യയിൽ ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ സ്വാധീനം ഗണ്യമായി വർധിച്ചിട്ടുണ്ട്. രാഷ്ട്രത്തെ പ്രധാനമായും ഹിന്ദു സാംസ്കാരിക പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ നിർവചിക്കാൻ ശ്രമിക്കുന്ന ഒരു രാഷ്ട്രീയ ആശയധാരയാണ് ഹിന്ദുത്വം. ഈ ആശയധാരയുടെ പ്രധാന വക്താക്കളായ സംഘപരിവാർ സംഘടനകൾ ഇന്ത്യയുടെ ചരിത്രത്തെയും ദേശീയതയെയും പുനർവ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതായി കാണാം.

ഈ രാഷ്ട്രീയ വിവരണത്തിൽ ഇന്ത്യൻ ചരിത്രം പലപ്പോഴും 'ഹിന്ദു പീഡിതരും മുസ്‌ലിം അധിനിവേശക്കാരും' എന്ന

രൂപത്തിൽ അവതരിപ്പിക്കപ്പെടുന്നു. മധ്യകാല ഇന്ത്യയിലെ സങ്കീർണമായ രാഷ്ട്രീയ-സാമൂഹിക ചരിത്രം മതപരമായ സംഘർഷങ്ങളുടെ കഥയായി ചുരുക്കപ്പെടുന്നു. മുസ്‌ലിം ഭരണാധികാരികളുടെ 'ക്രൂരതകൾ' മാത്രം എടുത്തുകാണിക്കപ്പെടുകയും അവരുടെ ഭരണപരമായ, സാംസ്കാരികമായ, വാസ്തുവിദ്യാപരമായ സംഭാവനകൾ പലപ്പോഴും അവഗണിക്കപ്പെടുകയും ചെയ്യുന്നു. ഈ ചരിത്രവായനയുടെ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്.

ഇന്നത്തെ ഇന്ത്യൻ മുസ്‌ലിംകൾക്ക് മധ്യകാല ഭരണാധികാരികളുമായി യാതൊരു ബന്ധവുമില്ലെങ്കിലും, പൊതുചർച്ചകളിൽ അവർ പലപ്പോഴും ആ ചരിത്രത്തിന്റെ പ്രതിനിധികളായി ചിത്രീകരിക്കപ്പെടുന്നു. ഒരു മുസ്‌ലിം പള്ളി വെറും ആരാധനാലയമായി കാണപ്പെടാതെ 'ചരിത്രപരമായ അധിനിവേശത്തിന്റെ പ്രതീകം' എന്ന രീതിയിൽ അവതരിപ്പിക്കപ്പെടുന്ന സാഹചര്യങ്ങളും രൂപപ്പെടുന്നു.

അയോധ്യയിലെ ബാബരി മസ്ജിദ് വിവാദം മുതൽ ഗ്യാൻവാപി മസ്ജിദ്, ശാഹി ഈദ്ഗാഹ് തുടങ്ങിയ വിഷയങ്ങൾ വരെ ഈ രാഷ്ട്രീയ അന്തരീക്ഷത്തിന്റെ ഭാഗമായാണ് പല നിരീക്ഷകരും കാണുന്നത്. ഒരു ആരാധനാലയത്തെക്കുറിച്ചുള്ള തർക്കം അതിന്റെ ഭൂമിശാസ്ത്രപരമായ പരിധികൾ കടന്ന് ദേശീയ രാഷ്ട്രീയത്തിന്റെ പ്രതീകമായി മാറുന്നു.

ഇന്ത്യൻ മുസ്‌ലിംകൾ ഈ രാജ്യത്തിന്റെ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും നിർമാണത്തിൽ നിർണായക പങ്കുവഹിച്ചവരാണ്. സ്വാതന്ത്ര്യസമരത്തിലും സാഹിത്യത്തിലും വാസ്തുവിദ്യയിലും ശാസ്ത്രത്തിലും വ്യാപാരത്തിലും വരെ മുസ്‌ലിംകളുടെ സംഭാവനകൾ വലുതാണ്. എന്നിട്ടും പലപ്പോഴും 'യഥാർഥ ഇന്ത്യ'യുടെ പുറത്തുള്ളവരായി ചിത്രീകരിക്കപ്പെടുന്നുവെന്ന തോന്നൽ ശക്തിപ്പെടുകയാണ്.

**ഭരണഘടന എന്താണ് പറയുന്നത്?**

ഇന്ത്യയുടെ ഭരണഘടന ലോകത്തിലെ ഏറ്റവും വിപുലവും പുരോഗമനപരവുമായ ഭരണഘടനകളിലൊന്നായി കണക്കാക്കപ്പെടുന്നു. മതം, ഭാഷ, ജാതി, സംസ്കാരം എന്നിവയുടെ വൈവിധ്യം നിറഞ്ഞ ഒരു രാജ്യത്തിൽ എല്ലാവർക്കും തുല്യ അവകാശങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് അത് രൂപകൽപന ചെയ്യപ്പെട്ടത്. അതുകൊണ്ടുതന്നെ ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷ അവകാശങ്ങൾക്കും മതസ്വാതന്ത്ര്യത്തിനും പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്.

ഭരണഘടനയുടെ ആർട്ടിക്കിൾ 25 എല്ലാ പൗരന്മാർക്കും മതവിശ്വാസത്തിന്റെയും മതാചരണത്തിന്റെയും സ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. ആർട്ടിക്കിൾ 26 മതസമുദായങ്ങൾക്ക് സ്വന്തം മതസ്ഥാപനങ്ങൾ നടത്താനും പരിപാലിക്കാനും അവകാശം നൽകുന്നു. ആർട്ടിക്കിൾ 29, 30 എന്നിവ ന്യൂനപക്ഷങ്ങൾക്ക് അവരുടെ സംസ്കാരവും വിദ്യാഭ്യാസ സ്ഥാപനങ്ങളും സംരക്ഷിക്കാനുള്ള അവകാശങ്ങൾ ഉറപ്പാക്കുന്നു.

ഇവ വെറും നിയമവ്യവസ്ഥകൾ മാത്രമല്ല; ഇന്ത്യ എന്ന ആശയത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. കാരണം ഇന്ത്യയെ ഒരു മതരാഷ്ട്രമായല്ല, എല്ലാ മതവിഭാഗങ്ങൾക്കും തുല്യ പൗരത്വം ഉറപ്പുനൽകുന്ന ഒരു റിപ്പബ്ലിക്കായാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. ഇവിടെയാണ് സമകാലിക സാഹചര്യത്തെക്കുറിച്ചുള്ള ആശങ്ക ഉയരുന്നത്: ഭരണഘടന നൽകുന്ന അവകാശങ്ങളും നിലവിളിലുള്ള യാഥാർഥ്യവും എല്ലായ്പ്പോഴും പൊരുത്തപ്പെടുന്നുണ്ടോ?

ഒരു മുസ്‌ലിം പൗരൻ തന്റെ ആരാധനാലയത്തെയും വിദ്യാഭ്യാസ സ്ഥാപനത്തെയും മതപരമായ അസ്തിത്വത്തെയും കുറിച്ച് ആശങ്കപ്പെടേണ്ട സാഹചര്യം രൂപപ്പെടുന്നുണ്ടെങ്കിൽ, അത് ഭരണഘടനയുടെ ആത്മാവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. ഭരണഘടനയുടെ ശക്തി അതിലെ ആർട്ടിക്കിളുകളിലല്ല; അവയുടെ പ്രായോഗികമായ നടപ്പാക്കലിലാണ്. ഒരു അവകാശം പുസ്തകത്തിൽ എഴുതിയിട്ടുണ്ടെന്നതുകൊണ്ട് മാത്രം മതിയാകില്ല. അത് സമൂഹത്തിൽ അനുഭവിക്കാൻ കഴിയണം.

ഇന്ത്യയുടെ സ്ഥാപക നേതാക്കൾ വിഭാവനം ചെയ്ത രാജ്യം മതപരമായ ഭൂരിപക്ഷത്തിന്റെ ആധിപത്യത്തിൽ പ്രവർത്തിക്കുന്ന ഒരു രാഷ്ട്രമല്ലായിരുന്നു. മറിച്ച് ഭൂരിപക്ഷവും ന്യൂനപക്ഷവും ഒരുപോലെ സുരക്ഷിതത്വം അനുഭവിക്കുന്ന ഒരു ജനാധിപത്യമായിരുന്നു.

ഡോ. ബി.ആർ. അംബേദ്കർ ഒരിക്കൽ മുന്നറിയിപ്പ് നൽകിയിരുന്നു: 'ഒരു ഭരണഘടന എത്ര മികച്ചതായാലും അതിനെ നടപ്പാക്കുന്നവരുടെ സമീപനമാണ് അതിന്റെ വിജയമോ പരാജയമോ നിർണയിക്കുന്നത്.'

*(അടുത്ത ലക്കത്തിൽ: "ഈ സാഹചര്യത്തെ എങ്ങനെ നേരിടണം?", ഇന്ത്യൻ മുസ്‌ലിംകളുടെ മുന്നോട്ടുള്ള വഴി, പരീക്ഷണങ്ങളുടെ കാലത്ത് വിശ്വാസവും പ്രതീക്ഷയും, ഇസ്‌ലാം നൽകുന്ന മാർഗനിർദേശങ്ങൾ)*



# എന്തിന് ?

ഉസ്മാൻ പാലക്കാഴി
: 9656 292 244

കണ്ണുകളെന്തിനു നമ്മൾക്ക്?
നല്ലതു കാണാനാണല്ലോ!
ചീത്തകൾ കണ്ടു രസിച്ചാലോ?
ശിക്ഷയതുണ്ടേ കേട്ടോളൂ!

കാതുകളെന്തിനു നമ്മൾക്ക്?
നല്ലതു കേൾക്കാനാണല്ലോ!
മോശം വാക്കുകൾ കേട്ടാലോ?
നാശം വന്നുഭവിക്കൂലോ!

ചുണ്ടുകളെന്തിനു നമ്മൾക്ക്?
നല്ലതു പറയാനാണല്ലോ!
ചീത്തപറഞ്ഞു നടന്നാലോ?
കാത്തുകഴിഞ്ഞോ നരകത്തീ!

കയ്യുകളെന്തിനു നമ്മൾക്ക്?
നല്ലതു ചെയ്യാനാണല്ലോ!
ചീത്തകളെന്തും ചെയ്താലോ?
ശിക്ഷകൾ പലതും കിട്ടൂലോ!

കാലുകളെന്തിനു നമ്മൾക്ക്?
നല്ലതിനായി നടക്കാനായ്!
തിന്മയിലേക്ക് നടന്നാലോ?
സ്വർഗം നഷ്ടപ്പെടുമല്ലോ!

ചിന്താശേഷിയതെന്തിന്ന്?
നല്ലതു ചിന്തിക്കാനല്ലോ!
ദുഷിച്ച ചിന്തകളാണേലോ?
നശിച്ചുപോകും ഓർത്തോളൂ



# യു.ഡി.എഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും

3

സി മുഹമ്മദ് അജ്മൽ
: 8124301015

**കോച്ചിങ് മേഖല വളരുന്നത് എന്തുകൊണ്ടാണ്?**

സ്കൂളിൽ പഠിപ്പിക്കുന്നതും മത്സരപ്പരീക്ഷകൾ ആവശ്യപ്പെടുന്നതും തമ്മിൽ വലിയ വ്യത്യാസ മുള്ളതിനാലാണ് കോച്ചിങ് മേഖല വളരുന്നത്! സ്കൂളുകളിൽ ശരിയായ ആഴത്തിലും കൃത്യതയിലും പഠിപ്പിച്ചാൽ കോച്ചിങ്ങിനെ ആശ്രയിക്കുന്നത് സ്വാഭാവികമായി കുറയും. അതുകൊണ്ട് സർക്കാർ കോച്ചിങ് പരിപാടി മാത്രം പരിഹാരമാകില്ല.

**കേരളത്തിന് യഥാർഥത്തിൽ വേണ്ടത് എന്താണ്?**

*1. പ്രൈമറി ഗണിതവിദ്യാഭ്യാസം അടിയന്തരമായി പരിഹരിക്കണം.*

അഞ്ചാം ക്ലാസിലെ ഹരണശേഷി 45.9%ൽനിന്ന് 21%ലേക്ക് ഇടിഞ്ഞത് ഒരു ചെറിയ ആശങ്കയല്ല. ഇതൊരു പ്രതിസന്ധിയാണ്. കേരളത്തിന് ഒന്നു മുതൽ അഞ്ച് വരെയുള്ള ക്ലാസുകളിൽ അടിസ്ഥാന ഗണിതശേഷി വീണ്ടെടുക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള പരിപാടികൾ വേണം. ഗണിതം പഠിപ്പിക്കുന്ന രീതിതന്നെ മാറ്റണം.

- മനപ്പാഠമാക്കുന്ന രീതി കുറയ്ക്കുക.
- കൂടുതൽ സംഖ്യാബോധം.

**സർക്കാർ സ്കൂളുകളിൽ NEET/JEE കോച്ചിങ് നല്ല ആശയമാണ്. പക്ഷേ, അത് മുകളിലത്തെ നിലയുടെ നവീകരണമാണ്. താഴത്തെ നില തകർന്നുകൊണ്ടിരിക്കുമ്പോൾ ആദ്യം അടിത്തറ ശരിയാക്കണം. പരീക്ഷകൾ സത്യസന്ധമാക്കണം. വിദ്യാർഥികൾക്ക് അനുയോജ്യമായ ആഴം തിരഞ്ഞെടുക്കാൻ അവസരം നൽകണം. യഥാർഥ നിലവാരവുമായി താരതമ്യം ചെയ്യണം. അതിനുശേഷം കോച്ചിങ് കൊണ്ടുവരണം.**

- കൂടുതൽ കണക്കുകൂട്ടലുകൾ.
- കൂടുതൽ മനക്കണക്ക്.
- കൂടുതൽ പ്രശ്നപരിഹാര ശേഷി.
- കൂടുതൽ ആശയപരമായ ധാരണ.

ഇത് ഗംഭീരമായ ഒരു പരിഷ്കാരമല്ല. ഇതിന് വലിയ ഉദ്ഘാടന മഹാമഹങ്ങൾ നടത്താനാകില്ല. 'മൂന്നാം ക്ലാസിലെ കുറയ്ക്കൽ മെച്ചപ്പെടുത്തൽ ദൗത്യം' എന്നത് വലിയ വാർത്തയാകില്ല. പക്ഷേ, ഇതാണ് ഏറ്റവും പ്രധാനപ്പെട്ട പരിഷ്കാരം. അടിത്തറയില്ലാതെ ഐ.ഐ ഡിപ്പാർട്ട്മെന്റ്, നോളജ് സിറ്റി, NEET/JEE കോച്ചിങ് എല്ലാം മണലിന്മേൽ കെട്ടിയ കെട്ടിടം പോലെയായിരിക്കും.

*2. മാർക്ക് പെരുപ്പിച്ചു കാണിക്കുന്നത് അവസാനിപ്പിക്കണം.*

CUET വന്നത് കേരളത്തിന് വലിയൊരു തിരിച്ചറിവ് നൽകി. കേരള ബോർഡ് മാർക്കുകൾ യഥാർഥ യോഗ്യതയുമായി ബന്ധമില്ലാത്തതായി മാറിക്കൊണ്ടിരിക്കുകയാണ് എന്ന് അത് തെളിയിച്ചു. പുതിയ സർക്കാർ പരീക്ഷാ മൂല്യനിർണയ നിലവാരം കൂടുതൽ കർശനമാക്കണം. ചോദ്യപേപ്പറുകൾ ഓർമശക്തി മാത്രം പരിശോധിക്കുന്നതാകരുത്. മൂല്യനിർണയം വെറുതെ മാർക്ക് വാരിക്കോരി നൽകു ന്നതാകരുത്. കൃത്യമായ മാനദണ്ഡങ്ങൾ വേണം. മാർക്കുകൾ യഥാർഥ കഴിവ് പ്രതിഫലിപ്പിക്കണം.

അതെ, ആദ്യ വർഷങ്ങളിൽ ശരാശരി മാർക്ക് കുറയാം. രക്ഷിതാക്കൾ പരിഭ്രാന്തരാകാം. രാഷ്ട്രീയ സമ്മർദം വരാം. പക്ഷേ, അതാണ് സത്യസന്ധമായ പരിഷ്കാരം. മാർക്ക് കുറയുന്നത് പ്രശ്നമല്ല. തെറ്റായ ആത്മവിശ്വാസമാണ് പ്രശ്നം.

*3. ഹൈസ്കൂൾ മുതൽ ബേസിക്/അഡ്വാൻസ്ഡ് ട്രാക്കുകൾ വേണം.*

CBSE 2020 മുതൽ പത്താം ക്ലാസ് ഗണിതത്തിൽ രണ്ട് ഓപ്ഷനുകൾ നൽകുന്നുണ്ട്:

മാത്തമാറ്റിക്സ് ബേസിക് (Mathematics Basic).

മാത്തമാറ്റിക്സ് സ്റ്റാൻഡേർഡ് (Mathematics Standard).

ഒരേ സിലബസ്. ഒരേ പാഠപുസ്തകങ്ങൾ. പക്ഷേ, പരീക്ഷയുടെ കാഠിന്യം വ്യത്യസ്തം. സയൻസ്, എഞ്ചിനീയറിങ്, മത്സരപ്പരീക്ഷാ വഴികൾ നോക്കുന്നവർക്ക് സ്റ്റാൻഡേർഡ്. ഹ്യൂമാനിറ്റീസ്, കൊമേഴ്സ്, കലകൾ, ഇതര ശാസ്ത്രവിഷയങ്ങൾ നോക്കുന്നവർക്ക് ബേസിക്. കേരള സിലബസിലും ഇത് കൊണ്ടുവരാം. എല്ലാ വിദ്യാർഥികൾക്കും ഒരേ നിലവാരത്തിലുള്ള ഗണിതം വേണ്ട. ഒരു ഭാവി എഞ്ചിനീയർക്ക് വേണ്ട ഗണിത കാഠിന്യവും, ഒരു ഭാവി ഹ്യൂമാനിറ്റീസ് വിദ്യാർഥിക്ക് വേണ്ട ഗണിത ആവശ്യകതയും ഒരുപോലെയല്ല.

എല്ലാവരെയും ഒരേ വഴിയിലൂടെ തള്ളുമ്പോൾ രണ്ട് നഷ്ടങ്ങൾ സംഭവിക്കുന്നു. ആഴം ആവശ്യമുള്ള വിദ്യാർഥികൾക്ക് മതിയായ വെല്ലുവിളി ലഭിക്കുന്നില്ല. ആഴം ആവശ്യമില്ലാത്ത വിദ്യാർഥികൾ അനാവശ്യ സമ്മർദം അനുഭവിക്കുന്നു.

ബേസിക്/അഡ്വാൻസ്ഡ് ട്രാക്ക് അസമത്വം ഉണ്ടാക്കാനല്ല; വ്യത്യസ്തമായ തൊഴിൽ വഴികൾക്ക് വ്യത്യസ്തമായ ഒരുക്കം നൽകാനാണ്. ഇത് പ്രായോഗികമാണ്. നീതിയുക്തമാണ്. കോച്ചിങ്ങിന്റെ ആവശ്യം കുറയ്ക്കാനും സഹായിക്കും.

*4. ആന്തരിക മാർക്കുകളല്ല, ബാഹ്യമായ അളവുകോലുകൾ നോക്കണം.*

കേരളം സ്വന്തം ബോർഡ് പരീക്ഷാ വിജയശതമാനം നോക്കി സന്തോഷിക്കുന്നത് നിർത്തണം. AS, ASER, CUET പ്രകടനങ്ങൾ, JEE/NEET യോഗ്യതാ നിരക്കുകൾ, സംസ്ഥാന തലത്തിലുള്ള സ്വതന്ത്ര വിലയിരുത്തലുകൾ; ഇവയെ അടിസ്ഥാനമാക്കി വിദ്യാഭ്യാസ ഗുണനിലവാരം അളക്കണം.

*5. അടിത്തറ ശരിയായ ശേഷം മാത്രം മത്സരപ്പരീക്ഷാപരിശീലനം നൽകണം.*

അടിത്തറ ശരിയായാൽ

സർക്കാർ സ്കൂളുകളിലെ മത്സരപ്പരീക്ഷാ പരിശീലനം വളരെ ഉപകാരപ്പെടും. പക്ഷേ, അത് ഒമ്പതാം ക്ലാസിൽ പെട്ടെന്നൊരു കോച്ചിങ് ആയി തുടങ്ങരുത്. ആറാം ക്ലാസ് മുതൽ ആശയപരമായ ആഴം വളർത്തണം. പ്രത്യേകം പരിശീലനം ലഭിച്ച കോച്ചുകൾ വേണം. സാധാരണ അധ്യാപകരുടെ മേൽ അധിക ബാധ്യതയായി ഇടരുത്. ഫലം അളക്കേണ്ടത് പ്രവേശന നിരക്കുകൾ ഉപയോഗിച്ചാണ്, പങ്കാളിത്തത്തിന്റെ എണ്ണം നോക്കിയല്ല.

ആറാം ക്ലാസ് മുതൽ യഥാർഥ ആശയപരമായ ആഴം വളർത്തുക. അപ്പോൾ പത്താം ക്ലാസ് ആകുമ്പോഴേക്കും മത്സരപ്പരീക്ഷാരീതികൾ കുട്ടികൾക്ക് അപരിചിതമായി തോന്നില്ല. സർക്കാർ സ്കൂൾ വ്യവസ്ഥിതി ഇതേ രീതിയിൽ പ്രവർത്തിച്ചാൽ, ഏറ്റവും നല്ല ലക്ഷ്യം കോച്ചിങ് എല്ലാവർക്കും നൽകുക എന്നതല്ല, കോച്ചിങ് വേണ്ടാത്ത തരത്തിൽ സ്കൂൾ വിദ്യാഭ്യാസം ശക്തമാക്കുക എന്നതാണ്.

**യുഡിഎഫ് സർക്കാർ ഈ വാഗ്ദാനം ഗൗരവമായി എടുക്കുന്നുവെങ്കിൽ, വോട്ടർമാർ ശ്രദ്ധിക്കേണ്ട ചില നാഴികക്കല്ലുകൾ:**

1. എല്ലാ ജില്ലകളിലും അടിസ്ഥാന സാക്ഷരത, ഗണിതശേഷി എന്നിവയിൽ സ്വതന്ത്ര വിലയിരുത്തൽ നടത്തണം. ഫലങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണം. ബോർഡ് വിജയശതമാനമല്ല, ASER/NAS മാതൃകയിലുള്ള സൂചികകൾ അടിസ്ഥാനമാക്കിയുള്ള ലക്ഷ്യങ്ങൾ പ്രഖ്യാപിക്കണം.
2. 500 സ്കൂളുകളിൽ ബേസിക്/അഡ്വാൻസ്ഡ് ട്രാക്ക് പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങണം. ബോർഡ് മൂല്യനിർണയ നിലവാരം കർശനമാക്കണം. പ്രാഥമിക ഗണിത പരിഹാര പദ്ധതികൾ സംസ്ഥാന വ്യാപകമായി ആരംഭിക്കണം.
3. അഞ്ചാം ക്ലാസിലെ ഹരണശേഷി 21%ൽനിന്ന് കുറഞ്ഞത് 35%ലേക്ക് ഉയരുന്ന ദിശയിൽ അളക്കാവുന്ന പുരോഗതി കാണണം. ബേസിക്/അഡ്വാൻസ്ഡ് ട്രാക്ക് എല്ലാ സ്കൂളുകളിലേക്കും വ്യാപി പ്പിക്കണം.
4. കേരളത്തിന്റെ പത്താം ക്ലാസ് ഗണിത NAS സ്കോർ ദേശീയ ശരാശരിക്ക് മുകളിൽ എത്തണം. CUET പ്രകടനം മെച്ചപ്പെടണം. അതിനുശേഷം NEET/JEE ഫൗണ്ടേഷൻ കോഴ്സ് ഫലങ്ങൾ വിലയിരുത്തണം.

കേരളത്തിന്റെ വിദ്യാഭ്യാസ പ്രതിസന്ധി കോച്ചിങ് ചെലവേറിയതാണ് എന്നതല്ല. കേരളത്തിന്റെ വിദ്യാഭ്യാസ പ്രതിസന്ധി സ്കൂൾ വ്യവസ്ഥിതി കുട്ടികളെ ശക്തമായി പഠിപ്പിക്കുന്നില്ല എന്നതാണ് അതേസമയം മാർക്കുകൾ ഉയർന്നുകൊണ്ടിരിക്കുന്നു എന്നതാണ്.

- ASER വിവരങ്ങൾ അടിസ്ഥാന ഗണിതത്തിന്റെ തകർച്ച കാണിക്കുന്നു.
- CUET മാർക്ക് പെരുപ്പിച്ചു കാണിക്കുന്ന രീതി പുറത്തുകൊണ്ടുവന്നു.
- NAS കേരളം ഗണിതത്തിൽ ദേശീയ ശരാശരിക്ക് താഴെയാണെന്ന് കാണിച്ചു.
- JEE/NEET മുൻനിര റാങ്കുകളിൽ കേരളത്തിന്റെ സാന്നിധ്യം വളരെ കുറവാണ്.

ഇതെല്ലാം നടക്കുമ്പോഴും ബോർഡ് പരീക്ഷാ വിജയശതമാനം ഉയരുന്നു. എപ്ലസ് എണ്ണം ഉയരുന്നു. 90%ൽ കൂടുതൽ മാർക്ക് സാധാരണമായി മാറുന്നു. ഇത് മികവല്ല. ഇത് മികവിന്റെ ഭ്രമമാണ് (illusion of excellence).

സർക്കാർ സ്കൂളുകളിൽ NEET/JEE കോച്ചിങ് നല്ല ആശയമാണ്. പക്ഷേ, അത് മുകളിലത്തെ നിലയുടെ നവീകരണമാണ്. താഴത്തെ നില തകർന്നുകൊണ്ടിരിക്കുമ്പോൾ ആദ്യം അടിത്തറ ശരിയാക്കണം. പരീക്ഷകൾ സത്യസന്ധമാക്കണം. വിദ്യാർഥികൾക്ക് അനുയോജ്യമായ ആഴം തിരഞ്ഞെടുക്കാൻ അവസരം നൽകണം. യഥാർഥ നിലവാരവുമായി താരതമ്യം ചെയ്യണം. അതിനുശേഷം കോച്ചിങ് കൊണ്ടുവരണം.

*(ഇത് യുഡിഎഫ് വിദ്യാഭ്യാസ പ്രകടനപത്രിക പരമ്പരയുടെ രണ്ടാം ഭാഗമാണ്. ഈ പരമ്പരയിൽ ഞാൻ യുഡിഎഫ് മാനിഫെസ്റ്റോയിലെ വിദ്യാഭ്യാസ നിർദേശങ്ങളെ രാഷ്ട്രീയമായല്ല, നയപരമായ കാഴ്ചപ്പാടോടെയാണ് പരിശോധിക്കുന്നത്. നല്ല ആശയങ്ങളെ അംഗീകരിക്കും. പ്രായോഗികമല്ലാത്തതിനെ ചോദ്യം ചെയ്യും. വെല്ലുവിളികൾ ചൂണ്ടിക്കാണിക്കും. പരിഹാരങ്ങൾ നിർദേശിക്കും. കാരണം വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പൊതുചർച്ചകൾ മുദ്രാവാക്യങ്ങളിൽനിന്ന് വ്യവസ്ഥാപിത ചിന്തകളിലേക്ക് മാറേണ്ട സമയമാണിത്.)*



# മഴ; കാരുണ്യവാന്റെ അനുഗ്രഹ വർഷം

മെഹബൂബ് മദനി ഒറ്റപ്പാലം
: 77363 98840

'ആകാശപ്പൊയ്കയിൽ നിന്നുമിതാ
ഭൂമിതൻ ദാഹമകറ്റിടുവാൻ,
കരുണതൻ തുള്ളികളായ് പെയ്യുന്നു
ദൈവത്തിൻ ദാനമീ നിർമല മഴ.
തളിരിടും ചെടികളും പുൽക്കൊടിയും
പാടവും കാടും ഉണർന്നിടുന്നു.
മണ്ണിൽ പുതുജീവൻ ഏകീടുവാൻ,
വിണ്ണിൽ നിന്നൊഴുകും ദൈവാനുഗ്രഹം!'

ഏറെ മനോഹരമായ ഈ വരികൾ കരുണാമയനായ റബ്ബിന്റെ കാരുണ്യ വർഷമായ മഴ ഭൂമിക്കെത്രമേൽ വലിയ അനുഗ്രഹമാണെന്ന് വ്യക്തമാക്കുന്നതാണ്.

പ്രപഞ്ചത്തിൽ സ്രഷ്ടാവ് സംവിധാനിച്ച മഹാവിസ്മയങ്ങളിൽ ഏറ്റവും മനോഹരവും ദീപ്തവുമായ ദൃഷ്ടാന്തമാണ് മഴ. കരിഞ്ഞുണങ്ങി, ജീവനറ്റ് കിടക്കുന്ന ഒരു ഭൂപ്രദേശത്തിലേക്ക് ജീവന്റെ ആദ്യ തുടിപ്പുകൾ പകരുന്നത് ആകാശത്തുനിന്ന് വീഴുന്ന ശുദ്ധമായ ജലത്തുള്ളികളിലൂടെയാണ്.

കഠിനമായ ചൂടിൽ നിർജീവമായിക്കിടന്ന ഭൂമി മഴ വരുന്നതോടെ ജീവസ്സുറ്റതായി മാറുന്നു. ഇസ്‌ലാമിക വീക്ഷണത്തിൽമഴ കേവലം ഒരു പ്രകൃതി പ്രതിഭാസമല്ല; മറിച്ച്അത് കാരുണ്യവാനായ സ്രഷ്ടാവിന്റെ വലിയ ദൃഷ്ടാന്തവും അനുഗ്രഹവർഷവുമാണ്. മഴയുമായി ബന്ധപ്പെട്ട ക്വുർആൻ വചനങ്ങളിലൂടെ മരണാനന്തര ജീവിതത്തെ ബോധ്യപ്പെടുത്തുന്നതും അതല്ലാത്തതുമായ വ്യത്യസ്തമായ പാഠങ്ങൾ നമുക്ക് മനസ്സിലാക്കാനുണ്ട്.

മഴ ആകാശത്തുനിന്ന് പെയ്തിറങ്ങുമ്പോൾ അതിന്റെ പിന്നിൽ ഒട്ടനവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അവയെല്ലാം കൃത്യമായി സംവിധാനിക്കുകയും സൃഷ്ടിക്കുകയും ചെയ്ത പ്രപഞ്ച സ്രഷ്ടാവിന്റെ കരവിരുതനെയാണ്നമുക്ക് ബോധ്യപ്പെടുത്തിത്തരുന്നത്.

ഏതു പ്രദേശത്ത് എപ്പോഴൊക്കെ എത്രകണ്ട് മഴ പെയ്യണമെന്ന് തീരുമാനിക്കുന്നത് കരുണാവാരിധിയായ റബ്ബ് മാത്രമാണ്. അതിൽ ദൈവേതര ശക്തികൾക്കോ മഹാത്മാക്കൾക്കോ ഒരു പങ്കുമില്ല. അങ്ങനെ വിശ്വസിക്കുന്നവർക്ക് പിൻബലമായി കേവലം ചില മിഥ്യാധാരണകളല്ലാതെ പ്രാമാണിക മായ തെളിവുകളൊന്നുമില്ല.

മഴ പെയ്യുന്നതിന് പിന്നിൽ കൃത്യമായ ഭൗതിക-രസതന്ത്ര നിയമങ്ങളുണ്ട്. ആധുനിക ശാസ്ത്രം വിശദീകരിക്കുന്ന ഈ പ്രക്രിയകൾ യുഗാന്തരങ്ങളായി ഭൂമിയിൽ ജീവന്റെ നിലനിൽപ്പ് സാധ്യമാക്കാനായി സ്രഷ്ടാവ് സംവിധാനിച്ച കാരണങ്ങളാണ്.

മഴക്ക് പിന്നിൽ നടക്കുന്ന ശാസ്ത്രീയ വസ്തുതകളെ നമുക്ക് ഇപ്രകാരം ചുരുക്കി മനസ്സിലാക്കാം:

*എ) ബാഷ്പീകരണവും സ്വേദനവും (Evaporation & Transpiration):*

സൂര്യപ്രകാശമേറ്റ് സമുദ്രങ്ങൾ, നദികൾ, തടാകങ്ങൾ എന്നിവയിലെ ജലം ചൂടുപിടിച്ച് നീരാവിയായി മാറുന്ന പ്രക്രിയയാണ് ബാഷ്പീകരണം. ഇതോടൊപ്പം സസ്യങ്ങൾ തങ്ങളുടെ ഇലകളിലെ സുഷിരങ്ങൾ

(Stomata) വഴി ജലം നീരാവിയായി അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നു (Transpiration). ഈ രണ്ട് പ്രക്രിയകളും ചേർന്നാണ് അന്തരീക്ഷത്തിലെ ഈർപ്പം നിലനിർത്തുന്നത്.

*ബി) സാന്ദ്രീകരണവും മേഘരൂപീകരണവും (Condensation & Cloud Formation):*

ചൂടുള്ള നീരാവി മുകളിലേക്ക് ഉയരുന്തോറും അന്തരീക്ഷ താപനില കുറയുന്നു. വായു തണുക്കുമ്പോൾ അതിന് നീരാവിയെ ഉൾക്കൊള്ളാനുള്ള ശേഷി കുറയുകയും നീരാവി വീണ്ടും ജലകണങ്ങളായി മാറുകയും ചെയ്യുന്നു. അന്തരീക്ഷത്തിലുള്ള പൊടിപടലങ്ങൾ, ഉപ്പുതരികൾ, പുകപടലങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചാണ് (Cloud Condensation Nuclei - CCN) ഈ ജലകണങ്ങൾ രൂപപ്പെടുന്നത്. കോടിക്കണക്കിന് ഇത്തരം സൂക്ഷ്മ ജലകണങ്ങൾ ഒത്തുചേരുമ്പോഴാണ് മേഘങ്ങൾ ഉണ്ടാകുന്നത്.

*സി) അവപാതം (Precipitation):*

മേഘങ്ങൾക്കുള്ളിലെ ജലകണങ്ങൾ കാറ്റിന്റെ ചലനം മൂലം പരസ്പരം കൂട്ടിയാവർത്തിക്കുകയും വലിയ തുള്ളികളായി മാറുകയും ചെയ്യുന്നു. ഈ ജലത്തുള്ളികളുടെ ഭാരം കൂടുമ്പോൾ, ഭൂമിയുടെ ഗുരുത്വാകർഷണ ബലത്തെ പ്രതിരോധിക്കാൻ അവയ്ക്ക് കഴിയാതെവരുന്നു. ഇത് മഴയായി ഭൂമിയി ലേക്ക് പതിക്കുന്നു. എത്ര താളാത്മകവും കൃത്യവുമാണ് റബ്ബിന്റെ ഈ സംവിധാനമെന്ന് മഴക്ക് പിന്നിലെ ശാസ്ത്രിയ വസ്തുതകൾ വ്യക്തമാക്കുന്നുണ്ട്.

മഴ പെയ്യുന്നത് കാണാൻ എന്തു രസമാണ്! ഒന്നിച്ച് ഒരു ജലപ്രവാഹമായി ആകാശത്തുനിന്ന് ചൊരിയുകയല്ല, മറിച്ച് തുള്ളികളായി പെയ്തിറങ്ങുന്ന സുന്ദരമായ കാഴ്ച. നയന മനോഹരമായ കാഴ്ചയോടൊപ്പം മനസ്സുകൾക്ക് വലിയ കുളിരും പ്രകൃതിക്ക് തണുപ്പും ആശ്വാസവും ഒക്കെയാണത്. വ്യത്യസ്ത പ്രതിഭാസങ്ങളിലൂടെ കടന്നുപോയി വിണ്ണിൽ നിന്ന് മണ്ണിലേക്ക് പെയ്തിറങ്ങുന്ന ഓരോ മഴത്തുള്ളിയും അതിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സർവശക്തനായ അല്ലാഹുവിന്റെ കഴിവിനെയാണ് വിളിച്ചോതുന്നത്.

ക്വുർആനിലൂടെ അല്ലാഹു ചോദിക്കുന്നു: "ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൻ നിന്ന് ഇറക്കിയത്, അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദി കാണിക്കാത്തതെന്താണ്?" (56:68-70).

ഭൂമിയിൽ ജീവൻ നിലനിൽക്കുന്നതിന്റെ ആധാരമായ മഴയെ ആകാശത്തുനിന്ന് വർഷിച്ചു തരുന്ന റബ്ബിന് മാത്രമായിരിക്കണം ആരാധനകൾ അർപ്പിക്കേണ്ടത് എന്ന യുക്തിഭദ്രമായ ആദർശമാണ് വിശുദ്ധ ക്വുർആനിലൂടെ സർവലോക പരിപാലകനായ അല്ലാഹു മുന്നോട്ടുവെക്കുന്നത്:

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അതു മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചുതരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാ രെ ഉണ്ടാക്കരുത്" (2:21,22).

അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെ വ്യക്തമാക്കുന്ന മഹത്തായ ദൃഷ്ടാന്തമാണ് ആകാശത്തുനിന്ന് മഴ വർഷിക്കുന്നതും ഭൂമിയിൽ സസ്യലതാദികൾ മുളച്ചുവരുന്നതുമെന്ന വസ്തുത ഒട്ടനവധി വചനങ്ങ ളിലൂടെ ക്വുർആൻ വ്യക്തമാക്കിയിട്ടുള്ളതാണ്:

"നിങ്ങൾക്ക് കാണാവുന്ന തൂണുകളൊന്നും കൂടാതെ ആകാശങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നു. ഭൂമി നിങ്ങളെയുംകൊണ്ട് ഇളകാതിരിക്കുവാനായി അതിൽ അവൻ ഉറച്ച പർവതങ്ങൾ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. എല്ലാതരം ജന്തുക്കളെയും അവൻ അതിൽ പരത്തുകയും ചെയ്തിരിക്കുന്നു. ആകാശത്തുനിന്ന് നാം വെള്ളം ചൊരിയുകയും എന്നിട്ട് വിശിഷ്ടമായ എല്ലാ (സസ്യ) ജോഡികളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തു" (31:10).

"അവനാണ് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നവൻ. എന്നിട്ട് അതുമുഖേന നാം എല്ലാ വസ്തുക്കളുടെയും മുളകൾ പുറത്ത് കൊണ്ടുവരികയും അനന്തരം അതിൽനിന്ന് പച്ചപിടിച്ച ചെടികൾ വളർത്തിക്കൊണ്ട് വരികയും ചെയ്തു. ആ ചെടികളിൽനിന്ന് നാം തിങ്ങിനിറഞ്ഞ ധാന്യം പുറത്ത് വരുത്തുന്നു. ഈന്തപ്പനയിൽ നിന്ന് അഥവാ അതിന്റെ കൂമ്പോളയിൽനിന്ന് തൂങ്ങി നിൽക്കുന്ന കുലകൾ പുറത്ത് വരുന്നു. (അപ്രകാരം തന്നെ) മുന്തിരിത്തോട്ടങ്ങളും

പരസ്പരം തുല്യത തോന്നുന്നതും എന്നാൽ ഒരുപോലെയല്ലാത്തതുമായ ഒലീവും മാതളവും (നാം ഉൽപാദിപ്പിച്ചു). അവയുടെ കായ്കൾ കായ്ച്ച് വരുന്നതും മൂപ്പെത്തുന്നതും നിങ്ങൾ നോക്കൂ! വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിലെല്ലാം ദൃഷ്ടാന്തങ്ങളുണ്ട്"(6:99).

"എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെപ്പറ്റി ഒന്നു ചിന്തിച്ച് നോക്കട്ടെ. നാം ശക്തിയായി മഴ വെള്ളം ചൊരിഞ്ഞുകൊടുത്തു. പിന്നീട് നാം ഭൂമിയെ ഒരു തരത്തിൽ പിളർത്തി. എന്നിട്ട് അതിൽ നാം ധാന്യം മുളപ്പിച്ചു. മുന്തിരിയും പച്ചക്കറികളും ഒലീവും ഈന്തപ്പനയും ഇടതൂർന്നു നിൽക്കുന്ന തോട്ടങ്ങളും പഴവർഗവും പുല്ലും; നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്" (80:24-32).

ഐഹിക ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്നതിനും മഴയുമായി ബന്ധപ്പെട്ട ചില ഉദാഹരണങ്ങൾ ഖുർആൻ വിവരിക്കുന്നുണ്ട്:

"നിങ്ങൾ അറിയുക: ഇഹലോക ജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്- ഒരു മഴ പോലെ. അതുമൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക് ) കഠിനമായ ശിക്ഷയും (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല" (57:20).

"നാം ആകാശത്തുനിന്ന് വെള്ളം ഇറക്കിയിട്ട് അതുമൂലം മനുഷ്യർക്കും കാലികൾക്കും ഭക്ഷിക്കാനുള്ള ഭൂമിയിലെ സസ്യങ്ങൾ ഇടകലർന്നു വളർന്നു. അങ്ങനെ ഭൂമി അതിന്റെ അലങ്കാരമണിയുകയും, അത് അഴകാർന്നതാകുകയും, അവയൊക്കെ കരസ്ഥമാക്കാൻ തങ്ങൾക്ക് കഴിയുമാറായെന്ന് അതിന്റെ ഉടമസ്ഥർ വിചാരിക്കുകയും ചെയ്തപ്പോഴതാ ഒരു രാത്രിയോ പകലോ നമ്മുടെ കൽപന അതിന് വന്നെത്തുകയും തലേദിവസം അവയൊന്നും അവിടെ നിലനിന്നിട്ടേയില്ലാത്ത മട്ടിൽ നാമവയെ ഉൻമൂലനം ചെയ്യപ്പെട്ട അവസ്ഥയിലാക്കുകയും ചെയ്യുന്നു. ഇതുപോലെ മാത്രമാകുന്നു ഐഹികജീവിതത്തിന്റെ ഉപമ. ചിന്തിക്കുന്ന ആളുകൾക്കുവേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു"(10:24).

മനുഷ്യർ ചെയ്യുന്ന സൽകർമങ്ങൾ സ്രഷ്ടാവിന്റെ അടുക്കൽ സ്വീകാര്യയോഗ്യമാകണം. എങ്കിൽ മാത്രമാണ് അത് അവന് മരണാനന്തര ജീവിതത്തിൽ ഉപകാരപ്പെടുക. സൽകർമങ്ങൾ നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള നിതാന്ത ജാഗ്രത വിശ്വാസികൾക്ക് എപ്പോഴും ഉണ്ടാകണം. ഇതുമായി ബന്ധപ്പെട്ട ഉദാഹരണവും മഴയുമായി ബന്ധപ്പെടുത്തിയാണ് അല്ലാഹു പഠിപ്പിച്ചിട്ടുള്ളത്.

"സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞുകൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ, ജനങ്ങളെ കാണിക്കുവാൻവേണ്ടി ധനം ചെലവ് ചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ അൽപം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറമേൽ ഒരു കനത്ത മഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴിയില്ല. അല്ലാഹു സത്യനിഷേധി കളായ ജനതയെ നേർവഴിയിലാക്കുകയില്ല" (2:264).

'നിഷ്കളങ്ക ഹൃദയത്തോടുകൂടിയുള്ള സൽക്കർമങ്ങൾ വളരെ ചെറുതാണെങ്കിലും അത് അല്ലാഹുവിന്റെയടുക്കൽ മനുഷ്യർക്ക് ഏറെ ഉപകാരപ്രദമായിരിക്കും' എന്ന വസ്തുത പഠിപ്പിക്കുന്നതിനു വേണ്ടിയും മഴയുമായി ബന്ധപ്പെട്ട ഒരു ഉദാഹരണമാണ് അല്ലാഹു ഖുർആനിലൂടെ നൽകിയത്:

"അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ടും തങ്ങളുടെ മനസ്സുകളിൽ (സത്യവിശ്വാസം) ഉറപ്പിച്ചുകൊണ്ടും ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന തോട്ടത്തോടാകുന്നു. അതിന്നൊരു കനത്ത മഴ ലഭിച്ചപ്പോൾ അത് രണ്ടിരട്ടി കായ്കനികൾ നൽകി. ഇനി അതിന്ന് കനത്ത മഴയൊന്നും കിട്ടിയില്ല, ഒരു ചാറൽ മഴയേ ലഭിച്ചുള്ളൂ എങ്കിൽ അതും മതിയാകുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാകുന്നു" (2:265).

*(അടുത്ത ലക്കത്തിൽ: ജലസംരക്ഷണം; വിശ്വാസികളുടെ ബാധ്യത).*

ജമാഅത്തെ ഇസ്‌ലാമിയുടെ നയപരമായ തീരുമാനങ്ങളിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി വിമർശന ശബ്ദങ്ങൾ ഉയരുമ്പോൾ ആർക്കും പിടികൊടുക്കാത്ത മറുപടിയുമായി രംഗത്തുവരുന്നത് അവരുടെ സ്വത്വ സ്വഭാവമാണ്. 'ജമാഅത്തെ ഇസ്‌ലാമി നിങ്ങളെ കേൾക്കുന്നു. നിങ്ങളെ കേൾക്കുന്ന പ്രസ്ഥാനമാണിത്' എന്ന മുദ്രാവാക്യവുമായി ഇറങ്ങിയിരിക്കുകയാണിപ്പോൾ അവർ. ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിന് ആരെ വേണമെങ്കിലും കേൾക്കാം. പക്ഷേ, അവരെ കേൾക്കേണ്ടിവന്ന വിശ്വാസി സമൂഹം സഹിക്കേണ്ടി വന്ന പ്രശ്നങ്ങൾക്ക് പരിഹാരം കിട്ടുമോ എന്നാണ് അറിയേണ്ടത്.

# ജനങ്ങളെ കേൾക്കാനിറങ്ങിയ ജമാഅത്തെ ഇസ്‌ലാമി!

മൂസ സ്വലാഹി കാര

: 97473 45768

വ്യതിയാന ചിന്തകളുടെ വിത്ത് സമൂഹത്തിൽ വിതറുകയും ലോകത്തുടനീളം അത് മുളച്ചുപൊന്താൻ അവസരമൊരുക്കുകയും ചെയ്ത ഖവാരിജുകളുടെ സിദ്ധാന്തം അബുൽ അഅ്‌ലാ മൗദൂദിയെ സ്വാധീനിക്കുക വഴി ഇന്ത്യയിൽ ഉണ്ടായി വന്ന സംഘമാണ് ജമാഅത്തെ ഇസ്‌ലാമി. ഏഴര പതിറ്റാണ്ടിലേറെയായി അതിന്റെ അനുയായികൾ കേരളത്തിൽ പ്രവർത്തിച്ച് വരുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന ആശയത്തോടും പ്രമാണ സമീപനത്തോടും പൂർവസൂരികളോടുമൊപ്പം സഞ്ചരിക്കാൻ കൂട്ടാക്കാത്ത ഇവർ അഹ്‌ലുസ്സുന്നക്ക് എതിരായി മത്സരിക്കുന്ന മനോഭാവക്കാരും അതിന്റെ നിലപാടുകൾക്ക് നേരെ കൊഞ്ഞനം കുത്തുന്നവരുമാണ്.

ജമാഅത്തെ ഇസ്‌ലാമിയുടെ നയപരമായ തീരുമാനങ്ങളിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി വിമർശന ശബ്ദങ്ങൾ ഉയരുമ്പോൾ ആർക്കും പിടികൊടുക്കാത്ത മറുപടിയുമായി രംഗത്തുവരുന്നത് അവരുടെ സ്വത്വ സ്വഭാവമാണ്. 'ജമാഅത്തെ ഇസ്‌ലാമി നിങ്ങളെ കേൾക്കുന്നു. നിങ്ങളെ കേൾക്കുന്ന പ്രസ്ഥാനമാണിത്' എന്ന മുദ്രാവാക്യവുമായി ഇറങ്ങിയിരിക്കുകയാണിപ്പോൾ അവർ. ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിന് ആരെ വേണമെങ്കിലും കേൾക്കാം. പക്ഷേ, അവരെ കേൾക്കേണ്ടിവന്ന വിശ്വാസി സമൂഹം സഹിക്കേണ്ടി വന്ന പ്രശ്നങ്ങൾക്ക് പരിഹാരം കിട്ടുമോ എന്നാണ് അറിയേണ്ടത്.

പ്രബോധനം 2026 മെയ് 15 ലക്കത്തിൽ നിലവിലെ അമീർ എഴുതുന്നു: "ജമാഅത്തെ ഇസ്‌ലാമി പ്രതിനിധാനം ചെയ്തതും പ്രബോധനം ചെയ്തതും ഇസ്‌ലാമിനെയാണ്. സാമൂഹിക പ്രതിബദ്ധതയിലും സാമൂഹികനീതിയിലും കെട്ടിപ്പടുക്കപ്പെട്ടതാണ് ആ ഇസ്‌ലാം. അത്തരമൊരു ഇസ്‌ലാമിനെ അവതരിപ്പിച്ചപ്പോൾ പൊതുസമൂഹത്തിനും മുസ്‌ലിം സമുദായത്തിനും അത് അപരിചിതമായി തോന്നിയിട്ടുണ്ട്. കാരണം, അവർ പരിചയിച്ച ഒന്നായിരുന്നില്ല ഈ ദർശനം" (പേജ് 5).

ഖവാരിജുകളിലൂടെ മുളപൊട്ടുകയും പിന്നീട് കാണ്ഡമായി വളർന്ന് പല ശിഖരങ്ങളായി പിരിഞ്ഞ് 'വിധി കർതൃത്വം അല്ലാഹുവിന് മാത്രം' എന്ന ആശയത്തോട് ഇഴുകിച്ചേർന്ന മൗദൂദി സാഹിബ് 'അനുസരണം അല്ലാഹുവിന് മാത്രം' എന്ന തന്റെ പുതിയ വാദത്തിലേക്ക് ആളെ ക്കൂട്ടാൻ വേണ്ടിയാണ് 1940 കളിൽ ജമാഅത്തെ ഇസ്‌ലാമി എന്ന സംഘടനയുണ്ടാക്കിയത്. അത് ഇസ്‌ലാമിന്റെ ആർക്കും പരിചയമില്ലാത്ത മുഖമാണെന്ന് അമീർ എടുത്ത് പറഞ്ഞത് കൃത്യമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള അഹ്‌ലുസ്സുന്നയുടെ പാരമ്പര്യത്തിലെ പണ്ഡിതന്മാരിൽ ഒരാളും പഠിപ്പിച്ചിട്ടില്ലാത്ത ദർശനമാണ് മൗദൂദി കൊണ്ടുവന്നതെന്ന് അമീർ തന്നെ അംഗീകരിക്കുകയാണ്. വളരെ നല്ല തിരിച്ചറിവും അഹ്‌ലുസ്സുന്നയുടെ വക്താക്കൾക്ക് സന്തോഷമുളവാക്കുന്ന കാര്യവുമാണത്. ആരാധനക്കർഹൻ അല്ലാഹു മാത്രമെന്ന മഹിതമായ വിശ്വാസത്തിന്റെ നെടുകെ വെട്ടിയും പച്ചയായ പ്രമാണ ദുർവ്യാഖ്യാനം നടത്തിയുമാണ് തന്റെ വാദത്തെ മൗദൂദി സ്ഥാപിക്കാൻ ശ്രമിച്ചത്. തന്നെയുമല്ല മതത്തെ ചൊവ്വായ നിലയ്ക്ക് നിലനിർത്തു കയെന്ന പ്രവാചകന്മാരുടെ ഉദ്യമത്തെ 'മതത്തെ സ്ഥാപിക്കുക' എന്നാക്കി അദ്ദേഹം വ്യാഖ്യാനിക്കുകയുണ്ടായി.



മുഖവാക്ക്

പി. മുജീബുർറഹ്മാൻ
(അമീർ, ജമാഅത്തെ ഇസ്‌ലാമി, കേരള)

# നിങ്ങളെ കേൾക്കുന്ന പ്രസ്ഥാനം

ഇന്ത്യയെ ഒരു പരമാധികാര റിപ്പബ്ലിക്കായി ജനങ്ങൾ പ്രഖ്യാപിക്കുന്നതിനും മുമ്പേ ഈ രാജ്യത്തോടും, മലയാളിയുടെ മാതൃഭൂമിയായി ഐക്യകേരളം രൂപപ്പെടും മുമ്പേ മലയാളിയോടും ജമാഅത്തെ ഇസ് ലാമി സംവദിക്കാനാരംഭിച്ചിട്ടുണ്ട്. പറഞ്ഞും കേട്ടും ഇണങ്ങിയും പിണങ്ങിയുമുള്ള ആ നാൾവഴികളിൽ ആവേശോജ്ജ്വലമായ, മധുരിക്കുന്ന ഓർമകളുണ്ട്. തിക്താനുഭവങ്ങളുമുണ്ടാവും. പ്രശാന്തമായ പുലരിയിലേക്ക് ഒന്നിച്ചുണരുമെന്ന പ്രത്യാശയും നിശ്ചയദാർഢ്യവുമാണ് സഞ്ചാര പഥങ്ങളിലെ കരുത്ത്. എട്ട് പതിറ്റാണ്ടിനോടടുക്കുന്ന ഈ പാരസ്പര്യത്തിൽ ജമാഅത്തെ ഇസ് ലാമി കേരളത്തോട് പറഞ്ഞ കാര്യങ്ങൾ ചുരുങ്ങിയ വാക്യങ്ങളിൽ ഇങ്ങനെ സംക്ഷേപിക്കാം: ഏകനായ ദൈവമാണ് മനുഷ്യനെയും ഈ പ്രപഞ്ചത്തെയും സൃഷ്ടിച്ചത്. സൃഷ്ടിക്കുക മാത്രമല്ല, അവയോരോന്നിനുമുള്ള ചുമതല നിർണയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അവയൊക്കെയും യഥാവിധി പാലിക്കപ്പെടുന്നതിനെ നാം പ്രകൃതി നിയമമെന്ന് വിളിക്കുന്നു. മനുഷ്യന്നും ബാധകമാണ് ആ നിയമം. ജീവിതം പുരോഗമനോന്മുഖവും സംതൃപ്തവുമായി തീരാൻ വേണ്ട എല്ലാം പ്രകൃതിയിൽ ഒരുക്കിക്കൊടുത്തിരിക്കുന്നു. വിവേചന ശേഷിയുള്ള മനുഷ്യൻ ആ വഴി കണ്ടെത്തണമെന്ന് മാത്രം. സൃഷ്ടിക്കുകയും ശേഷം സൃഷ്ടിച്ചതിനെയൊക്കെയും പരിപാലിക്കുകയും ചെയ്യുന്ന ദൈവമാണ് പ്രപഞ്ചത്തിന്റെ ഉടമ; മനുഷ്യന്റെ ഉടമ. അപ്പോൾ ദൈവഹിത പ്രകാരം ജീവിക്കാൻ മനുഷ്യൻ ബാധ്യതപ്പെട്ടിരിക്കുന്നു. ആ നേർവഴി മനുഷ്യ സമൂഹത്തിന് കാണിച്ചു കൊടുക്കാനാണ് ദൈവം കാലാകാലങ്ങളിൽ തന്റെ ദൂതന്മാരെ നിയോഗിച്ചുകൊണ്ടിരുന്നത്. അവരെ പിൻപറ്റുകയാണ് ഈ ലോകത്തെ ക്ഷേമവും, മരണാനന്തര ജീവിതത്തിലെ മോക്ഷവും വിജയവും ഉറപ്പ് വരുത്താനുള്ള വഴി.

ജമാഅത്തെ ഇസ് ലാമി പ്രതിനിധാനം ചെയ്തതും പ്രബോധനം ചെയ്തതും ഇസ് ലാമിനെയാണ്. സാമൂഹിക പ്രതിബദ്ധതയിലും സാമൂഹിക നീതിയിലും കെട്ടിപ്പടുക്കപ്പെട്ടതാണ് ആ ഇസ് ലാം. അത്തരമൊരു ഇസ് ലാമിനെ അവതരിപ്പിച്ചപ്പോൾ പൊതുസമൂഹത്തിനും മുസ് ലിം സമുദായത്തിനും അത് അപരിചിതമായി തോന്നിയിട്ടുണ്ട്. കാരണം, അവർ പരിചയിച്ച ഒന്നായിരുന്നില്ല ഈ ദർശനം. വ്യക്തിയുടെ സ്വകാര്യ ജീവിതത്തിൽ മാത്രം സജീവമാവുകയും കുടുംബ, സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക മേഖലകളിൽ തിരസ്കൃതമാവുകയും ചെയ്യുന്ന ഒന്നായിരുന്നു അവർക്ക് മതം. അതുകൊണ്ടുതന്നെ മതരാഷ്ട്രവാദികൾ, മതേതര വിരുദ്ധർ, ജനാധിപത്യവിരോധികൾ, തീവ്രവാദാശയങ്ങളുടെ പ്രചാരകർ എന്നിങ്ങനെ മുദ്രചാർത്തി ജമാഅത്തെ ഇസ് ലാമിയെ ദൂരെ മാറ്റിനിർത്താനാണ് പലരും ശ്രമിച്ചത്. മേൽപറഞ്ഞ നിഷേധാത്മക പ്രവണതകളുടെ നേരിയൊരംശം പോലും ആശയപരമായോ പ്രയോഗതലത്തിലോ ഈ പ്രസ്ഥാനത്തിൽ കണ്ടെത്തുക സാധ്യമല്ല.

ജമാഅത്തെ ഇസ് ലാമിയുടെ നേർക്കുള്ള വിമർശനങ്ങൾ ഈ പ്രസ്ഥാനത്തെ ലക്ഷ്യമാക്കി മാത്രമായിരുന്നില്ല; ഇസ് ലാമിന്റെ സാമൂഹിക ഉള്ളടക്കത്തിനു നേർക്കു കൂടിയുള്ളതായിരുന്നു. അഥവാ ഇസ് ലാമോഫോബിയയുടെ വളക്കൂറുള്ള മണ്ണും അന്തരീക്ഷവും ഉപയോഗപ്പെടുത്തി, ജമാഅത്തെ ഇസ് ലാമിയുടെ മേൽവിലാസത്തിൽ ഇസ് ലാമിനു നേർക്കു തന്നെ പടച്ചുവിട്ടതായിരുന്നു ആ വിമർശനങ്ങൾ. ഇന്ത്യയുടെയും കേരളത്തിന്റെയും പൊതുബോധത്തിലും പൊതുമണ്ഡലത്തിലും അടിച്ചുവീശുന്ന ഇസ് ലാംഭീതിക്കനുസരിച്ച് രാഷ്ട്രീയ അജണ്ടകൾ നടപ്പാക്കാനാണ് പുരോഗമന രാഷ്ട്രീയക്കാർ പോലും തുനിഞ്ഞത്. ആദ്യം ന്യൂനപക്ഷ വർഗീയത ആരോപിക്കുക, സ്വന്തം ഭാവനാവിലാസത്തിനനുസരിച്ച് ഇസ് ലാമിക രാഷ്ട്രസങ്കൽപത്തെ നിർവചിക്കുക, തുടർന്ന് ന്യൂനപക്ഷ വർഗീയത സമം ഭൂരിപക്ഷ വർഗീയത, ഹിന്ദുത്വ രാഷ്ട്രം സമം ഇസ് ലാമിക രാഷ്ട്രം എന്നിങ്ങനെയുള്ള സമീകരണ യുക്തിയിലൂടെ തെറ്റിദ്ധാരണകൾ പരത്തുക- ഇതാണ് മതേതരവാദികൾ പോലും ചെയ്തുകൊണ്ടിരുന്നത്. സംഘ് പരിവാർ നടത്തിപ്പുകാരായിട്ടുള്ള കേന്ദ്ര ഭരണകൂടത്തിന്റെ കെടുതികൾ അനുഭവിക്കുന്ന ഇന്ത്യൻ യാഥാർഥ്യം മുന്നിലുണ്ടായിട്ട് പോലും ഇസ് ലാമിക രാഷ്ട്രമെന്ന വാക്കിനെ ഭീതി പരത്തുന്ന വിധത്തിൽ പ്രചരിപ്പിച്ച് രാഷ്ട്രീയ നേട്ടം കൊയ്യ

2026 മെയ് 15 • പ്രബോധനം 5

പ്രമാണങ്ങൾ പറയാത്തതും മതം അനുശ്വാസിച്ചതിന് അപ്പുറമുള്ളതുമായ കാര്യത്തെ 'അപരിചിതം' എന്ന് വിശേഷിപ്പിച്ചത് യാഥാർഥ്യം തന്നെ!

ഇസ്‌ലാമിക ആദർശത്തിൽ നിന്ന് തെല്ലൊന്നുമല്ല മൗദൂദി തെറ്റിയതെന്ന് ജമാഅത്തുകാർക്ക് തന്നെ സമ്മതിക്കേണ്ടി വന്നിട്ടുണ്ട്:

"മൗദൂദിയുടെ ചില പ്രസംഗങ്ങളിൽ ഇസ്‌ലാമികമായ ഒരു സാമൂഹികഘടന വരാനുള്ള ആഗ്രഹമുണ്ടായിരുന്നു. ഇസ്‌ലാമികമായ സാമൂഹികഘടനയിൽ ഒരു ചപ്രാസിയാകുന്നതാണ് അല്ലാത്ത ഒരു സ്ഥലത്ത് പ്രധാനമന്ത്രിയാകുന്നതിനെക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. ആദർശാധിഷ്ഠിതമായ ഒരു സാമൂഹികഘടന നിലവിൽ വരണമെന്ന ആഗ്രഹം മാത്രമാണ് യഥാർഥത്തിൽ ആ വാക്കുകൾ സൂചിപ്പിക്കുന്നത്. അത് സംഘടനയുടെ നിയമമായോ വ്യവസ്ഥയായോ ഒരിക്കലും വന്നിട്ടില്ല" (നിലപാടുള്ള പ്രസ്ഥാനം/ടി.ആരിഫലി/12,13).

മൗദൂദി തന്റെ മനസ്സിലെ മോഹം പൂവണിയിക്കാൻ വേണ്ടി സമൂഹം കേൾക്കെ ഒച്ചവെക്കുകയും അതിനായി അനവധി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു എന്നതും നഗ്ന സത്യമാണ്. അതിൽ നല്ലൊരു ശതമാനം പുസ്തകങ്ങളും ജമാഅത്തുകാർ മൊഴിമാറ്റം നടത്തി ഇന്നും ഔദ്യോഗികമായിത്തന്നെ കച്ചവടം ചെയ്യുന്നുമുണ്ട്. മൗദൂദി ഉയർത്തിക്കാട്ടിയ തൗഹീദിന് അടിമപ്പെടുന്നതിലൂടെ ഭൗതിക ക്രമീകരണമാകുന്ന ഗവൺമെന്റ് ദുർമൂർത്തിയും അതിനെ അനുസരിക്കൽ അല്ലാഹുവിൽ പങ്ക് ചേർക്കലുമാണ്. ഇത് കേട്ട എത്ര പേരാണ് ഗവൺമെന്റിന്റെ പരസ്യ ശത്രുക്കളായി സർക്കാർ ജോലികളിൽ നിന്നടക്കം പിന്മാറിയത്! മാനസാന്തരമോ അതോ പ്രായശ്ചിത്തമോ എന്നറിയില്ല; ഇന്ന് സർക്കാർ കസേരകൾക്ക് വേണ്ടി കിടമത്സരം നടത്തുന്ന സംഘടന കൂടിയാണ് ജമാഅത്തെ ഇസ്‌ലാമി! ആയുസ്സിന്റെ മുക്കാൽ ഭാഗവും ശിർക്കായിരുന്നൊരു നയത്തിൽ നിന്ന് ഒരു കൂസലുമില്ലാതെ ഇറങ്ങി ഓടാനും ചരിത്ര വസ്തുതകളെ വിസ്മരിക്കാനും ഇവർക്കെങ്ങനെ സാധിക്കുന്നു?

അമീർ എഴുതുന്നു: "ഈ പ്രസ്ഥാനത്തിന്റെ വിശ്വാസ സംഹിതയും ഇതിന്റെ ലക്ഷ്യസ്ഥാനവും അതിലേക്കുള്ള വഴിയും ദൈവത്താൽ നിർണിതമാണ്. ഇക്കാര്യത്തിൽ കരിവീട്ടിക്കാതലിനെ മറികടക്കുന്ന വിശ്വാസം ഈ പ്രസ്ഥാനത്തിനുണ്ടായിരിക്കെത്തന്നെ സംവാദത്തിന്റെ സമസ്ത സാധ്യതകളെയും തുറന്നുവെച്ചുകൊണ്ടാണ് സമൂഹത്തോട് ഇക്കാര്യം പറഞ്ഞത്" (പേജ് 7).

1956 ഏപ്രിൽ 13 മുതൽ നടപ്പിലാക്കിയ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് ഭരണഘടന 2023 ഏപ്രിൽ 30 മുതൽ ഔദ്യോഗിക ഭേദഗതിയോടെ പുറത്തിറക്കേണ്ടി വന്നത് എന്തുകൊണ്ടാണ്? കരിവീട്ടിക്കാതലായ വിശ്വാസത്തിൽ പുഴുവരിച്ച് അകം പുഴുത്ത് പോയത് 'കേന്ദ്ര മജ്‌ലിസ് ശൂറ' ശ്രദ്ധിക്കാൻ വൈകിയത് കൊണ്ടാകാം. സ്വിറാത്തുൽ മുസ്തഖീമിന് നിരക്കാത്ത നിലപാട് സ്വീകരിക്കുകയും അല്ലാഹുവിന്റെ വിധിയെ മറയാക്കി അതിൽ അഭിമാനിക്കുകയും ചെയ്യുക എന്നത് അഭിലഷണീയമായ കാര്യമാണോ?

*(അവസാനിച്ചില്ല)*



# മദ്യത്തിന്റെ വീര്യവും വിശ്വാസിയുടെ നിലപാടും

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

ഒരു സമൂഹത്തിൽ തിന്മകൾക്കും തെറ്റായ പ്രവണതകൾക്കുമെതിരെ സമയോചിതമായി ശരിയാം വിധം ബോധവൽക്കരണം നടത്താതിരുന്നാൽ, കാലക്രമേണ സമൂഹം ആ തിന്മകളോട് താദാത്മ്യപ്പെടാൻ തുടങ്ങും. തിന്മകളുടെ ഗൗരവം നഷ്ടപ്പെടുകയും അവയ്ക്ക് ഒരു ‘മാന്യതയുടെ പരിവേഷം’ ലഭിക്കുകയും ചെയ്യുന്നത് അങ്ങേയറ്റം അപകടകരമാണ്. അതുകൊണ്ടാണ് തിന്മകൾക്ക് നേരെ കണ്ണടയ്ക്കുന്നതിനെ ഇസ്‌ലാം കഠിനമായി ആക്ഷേപിച്ചത്. തിന്മകൾ കണ്ടിട്ടും പരസ്പരം വിരോധിക്കാതിരു

ന്ന ബനൂ ഇസ്രാഈല്യരിലെ അവിശ്വാസികളെ ദാവൂദ് നബി(അ)യുടെയും ഈസാ നബി(അ)യുടെയും നാവുകളാൽ അല്ലാഹു ശപിച്ചതായി വിശുദ്ധ ഖുർആൻ മുന്നറിയിപ്പ് നൽകുന്നുണ്ട്:

“ബനൂ ഇസ്രാഈലിലെ സത്യനിഷേധികൾ ദാവൂദിന്റെയും മർയമിന്റെ മകൻ ഈസായുടെയും നാവുകളാൽ ശപിക്കപ്പെട്ടിരിക്കുന്നു. അവർ അനുസരണക്കേട് കാണിക്കുകയും അതിക്രമം പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്തതുകൊണ്ടാണത്. അവർ ചെയ്തിരുന്ന യാതൊരു തിന്മയും അവർ പരസ്പരം വിരോധിക്കാറില്ലായിരുന്നു. അവർ ചെയ്തുകൊണ്ടിരുന്നത് എത്രയോ ചീത്തയായ കാര്യം തന്നെ!’ (ഖുർആൻ 5:78,79).

ഇന്ന് നമ്മുടെ പൊതുസമൂഹത്തിലും സാമൂഹ്യമാധ്യമങ്ങളിലും മദ്യപാനത്തെ ന്യായീകരിക്കാൻ ഉന്നയിക്കപ്പെടുന്ന ദുർന്യായങ്ങളെയും അതിനുപിന്നിലെ യാഥാർഥ്യങ്ങളെയും കുറിച്ചുള്ള ഒരു വിശകലനമാണിത്.

**1. ‘കുറഞ്ഞ അളവിലാണെങ്കിൽ കുഴപ്പമില്ല’ എന്ന വാദം**

മദ്യം കുറഞ്ഞ അളവിൽ കഴിച്ചാൽ കുഴപ്പമില്ലെന്നും കൂടിയാലേ പ്രശ്നമുള്ളൂ എന്നുമാണ് ലഹരിയെ അനുകൂലിക്കുന്നവരുടെ ഒന്നാമത്തെ വാദം. എന്നാൽ ഇസ്‌ലാമിന്റെ നിലപാട് ഇതിൽ വിട്ടുവീഴ്ചയില്ലാത്തതാണ്. അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി:

“ധാരാളമായി ഉപയോഗിച്ചാൽ ലഹരിയുണ്ടാക്കുന്ന ഏതൊരു വസ്തുവും അതിന്റെ കുറഞ്ഞ അളവും ഹറാമാണ് (വിലക്കപ്പെട്ടതാണ്).”

അളവ് കുറവാണെന്നത് ലഹരിയുടെ ദോഷങ്ങളിൽ നിന്നോ അതിന്റെ ആത്മീയ-ശാരീരിക വിപത്തുകളിൽ നിന്നോ മനുഷ്യന് സംരക്ഷണം നൽകുന്നില്ല.

**2. വീര്യം കുറഞ്ഞ മദ്യം പ്രോത്സാഹിപ്പിക്കൽ**

മദ്യപാനം കുറച്ചുകൊണ്ടുവരാൻ വേണ്ടി ബിയർ പോലുള്ള ‘വീര്യം കുറഞ്ഞ’ മദ്യങ്ങൾ പ്രോത്സാഹിപ്പിക്കാം എന്നതാണ് മറ്റൊരു കപടയുക്തി. എന്നാൽ വീര്യം കൂടിയ ലഹരിക്ക് അടിമയായ (Addict) ഒരാൾ ഒരിക്കലും വീര്യം കുറഞ്ഞതിലേക്ക് യൂടേൺ (U-turn) അടിക്കാറില്ല. ലഹരിയുടെ ലോകത്ത് എപ്പോഴും മുന്നോട്ടുള്ള സഞ്ചാരം മാത്രമേയുള്ളൂ. ഇതിന് പിന്നിൽ രണ്ട് ശാസ്ത്രീയ യാഥാർഥ്യങ്ങളുണ്ട്:

*എ) ടോളറൻസ് (Tolerance- പൊരുത്തപ്പെടൽ):*

ലഹരി തലച്ചോറിലെത്തുമ്പോൾ സന്തോഷം നൽകുന്ന ‘ഡോപമിൻ’ (Dopamine) ഹോർമോൺ ഉത്പാദിപ്പിക്കപ്പെടുന്നു. എന്നാൽ തുടർച്ചയായ ഉപയോഗത്തിലൂടെ തലച്ചോറ് അതിനോട് പൊരുത്തപ്പെടുകയും, പിന്നീട് അതേ സുഖം ലഭിക്കാൻ വീര്യംകൂടിയ അളവോ കടുത്ത ലഹരിയോ തേടിപ്പോകാൻ മനുഷ്യൻ നിർബന്ധിതനാവുകയും ചെയ്യുന്നു.

*ബി) ഗേറ്റ്‌വേ ഇഫക്റ്റ് (Gateway Effect):*

വീര്യം കുറഞ്ഞ മദ്യം യഥാർഥത്തിൽ ലഹരിയുടെ മാരക ലോകത്തേക്കുള്ള ഒന്നാമത്തെ പ്രവേശന കവാടമാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓൺ ഡ്രഗ് അബ്യൂസിന്റെ (NIDA) പഠനങ്ങൾ പ്രകാരം കഞ്ചാവും വീര്യം കുറഞ്ഞ മദ്യവും ഉപയോഗിക്കുന്നവരിൽ 90% ആളുകളും പിന്നീട് ഹെറോയിൻ, കൊക്കെയ്ൻ, എം.ഡി.എം.എ തുടങ്ങിയ കടുത്ത രാസ

**മദ്യപാനം നടക്കുന്ന വീടുകളിലാണ് ഇന്ന് ക്രൂരമായ കൊലപാതകങ്ങളും പീഡനങ്ങളും നടക്കുന്നത്. അതുകൊണ്ട്, രാഷ്ട്രീയമോ മറ്റു താൽപര്യങ്ങളോ നോക്കാതെ, അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾക്ക് ഒന്നാം സ്ഥാനം നൽകി ഈ തിന്മയ്ക്കെതിരെ ഉറച്ച നിലപാടെടുക്കാൻ ഓരോ വിശ്വാസിയും ബാധ്യസ്ഥനാണ്. ലഹരിമുക്തമായ ഒരു സമൂഹത്തിന് മാത്രമെ പരലോകത്ത് ശാശ്വതവിജയം കൈവരിക്കാൻ സാധിക്കുകയുള്ളൂ.**

ലഹരികളിലേക്ക് എത്തിച്ചേരുന്നു.

കേരള എക്സൈസ് വകുപ്പിന്റെ 'വിമുക്തി മിഷൻ' പുറത്തുവിട്ട കണക്കുകളും ഇതേ ഭീതിജനകമായ അവസ്ഥയാണ് കാണിക്കുന്നത്. കൗൺസിലിംഗിന് എത്തുന്ന കൗമാരക്കാരിൽ ഭൂരിഭാഗവും വെറും 6 മാസം കൊണ്ടാണ് ബിയറിൽനിന്നും ചവയ്ക്കുന്ന ലഹരികളിൽനിന്നും മാരകമായ രാസലഹരികളിലേക്ക് വഴിമാറിയത്.

### 3. വരുമാനവും സാമ്പത്തിക ലാഭവും എന്ന വാദം

മദ്യത്തിലൂടെ വലിയ വരുമാനവും ലാഭവും തൊഴിലവസരങ്ങളും ഉണ്ടാകുന്നു എന്ന വാദം സാമ്പത്തികശാസ്ത്രപരമായിത്തന്നെ തെറ്റാണ്. ലഹരിയുണ്ടാക്കുന്ന പ്രത്യാഘാതങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ ലാഭം തുച്ഛമാണ്.

*ആരോഗ്യ-സാമൂഹിക തകർച്ച:*

ലോകാരോഗ്യ സംഘടനയുടെ (WHO) റിപ്പോർട്ട് പ്രകാരം ലോകത്ത് നടക്കുന്ന മരണങ്ങളിൽ 5% ലഹരി മൂലമാണ്. ഓരോ വർഷവും 30 ലക്ഷത്തിലധികം ആളുകൾ ലഹരി കാരണം മരിക്കുന്നു. ഗാർഹിക പീഡനക്കേസുകളിൽ 70 ശതമാനവും മദ്യപാനം മൂലമുണ്ടാകുന്നതാണ്.

യഥാർഥ കണക്ക് ഇതാണ്: മദ്യവിൽപനയിലൂടെ സർക്കാരിന് 1 രൂപ വരുമാനം ലഭിക്കുമ്പോൾ, അത് വരുത്തിവെക്കുന്ന രോഗങ്ങൾ, ചികിത്സ, റോഡപകടങ്ങൾ എന്നിവയ്ക്കായി സമൂഹം 3 രൂപ തിരിച്ചു ചെലവാക്കേണ്ടിവരുന്നു. ഒന്നിന് മൂന്ന് രൂപ നഷ്ടം വരുന്ന കച്ചവടത്തെ ഒരിക്കലും ലാഭക്കച്ചവടമെന്ന് വിളിക്കാൻ കഴിയില്ല.

**മദ്യം നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്താൽ വ്യാജമദ്യവും രാസലഹരിയും വ്യാപകമാകും എന്ന വാദം തികച്ചും ബാലിശമാണ്. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങളെ കർശനമായി അടിച്ചമർത്താനും നിയന്ത്രിക്കാനുമാണ് എക്സൈസ് ഡിപ്പാർട്ട്മെന്റും പോലീസും ഉള്ളത്. മാത്രവുമല്ല, ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് രാസലഹരി ഉപയോഗിക്കുന്നവരിൽ 94 ശതമാനം ആളുകളും മദ്യപാനത്തിലൂടെയാണ് ആ വഴിയിലേക്ക് എത്തിയത്. അതിനാൽ മദ്യത്തെ സാധാരണവൽക്കരിക്കുന്നത് ലഹരിവ്യാപനം കൂട്ടുകയേ ഉള്ളൂ.**

വിശുദ്ധ ക്വുർആൻ പറയുന്നു: "(നബിയേ,) നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തേക്കാൾ വലുത്..." (ക്വുർആൻ 2:219).

### 4. 'നിരോധിച്ചാൽ വ്യാജമദ്യവും രാസലഹരിയും ഒഴുകും' എന്ന ഭയം

മദ്യം നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്താൽ വ്യാജമദ്യവും രാസലഹരിയും വ്യാപകമാകും എന്ന വാദം തികച്ചും ബാലിശമാണ്. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങളെ കർശനമായി അടിച്ചമർത്താനും നിയന്ത്രിക്കാനുമാണ് എക്സൈസ് ഡിപ്പാർട്ട്മെന്റും പോലീസും ഉള്ളത്. മാത്രവുമല്ല, ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് രാസലഹരി ഉപയോഗിക്കുന്നവരിൽ 94 ശതമാനം ആളുകളും മദ്യപാനത്തിലൂടെയാണ് ആ വഴിയിലേക്ക് എത്തിയത്. അതിനാൽ മദ്യത്തെ സാധാരണവൽക്കരിക്കുന്നത് ലഹരിവ്യാപനം കൂട്ടുകയേ ഉള്ളൂ.

### വരയെ ചെറുതാക്കുന്നതിലെ കുയുക്തി

ഒരു കടലാസിൽ വരച്ച വരയെ ചെറുതാക്കാൻ അതിനടുത്ത് വലിയൊരു വര വരയ്ക്കുന്നു. അതിനെ ചെറുതാക്കാൻ അതിലും വലിയ വര വരയ്ക്കുന്നു. ഇതാണ് ഇന്ന് ലഹരിയുടെ കാര്യത്തിലും സംഭവിക്കുന്നത്. മദ്യത്തെക്കാൾ അപകടം രാസലഹരിയാണെന്ന് പറഞ്ഞ് അടിവരയിടുമ്പോൾ, അതിന്റെ താഴെയുള്ള മദ്യവും ബിയറും കുഴപ്പമില്ലാത്ത ഒന്നായി മാറുന്നു. നാളെ രാസലഹരി

യെക്കാൾ വലിയ മറ്റൊന്ന് വരുമ്പോൾ എം.ഡി.എം.എ സാധാരണവൽക്കരിക്കപ്പെടും. ഈ യുക്തി അപകടകരമാണ്, കാരണം ആദ്യം വരച്ച വരകളൊന്നും മായ്ക്കപ്പെടുന്നില്ല.

ഒരു വലിയ ഷോ നടക്കുന്നു. ആളുകളെ ക്യൂ നിർത്തി ടിക്കറ്റ് നൽകിയ ശേഷം 'നിങ്ങൾ അകത്ത് കയറി ഷോ കാണരുത്' എന്ന് പറയുന്നതുപോലെയാണ്, വീര്യം കുറഞ്ഞ മദ്യത്തിന് ബോധപൂർവം വഴിയൊരുക്കിയ ശേഷം ലഹരിക്കെതിരെ ക്യാമ്പയിൻ നടത്തുന്നത്. ഇരുതലയും കത്തിച്ചു മിന്നുന്ന ഇത്തരം നയങ്ങൾ പ്രബുദ്ധമായ ഒരു സമൂഹത്തിന് ചേർന്നതല്ല.

**5. 'സോഷ്യൽ ഡ്രിങ്കിങ്** (Social Drinking) **കുഴപ്പമില്ല' എന്ന വാദം**

ടൂറിസം വളരാനും വികസനം തടസ്സപ്പെടാതിരിക്കാനും മാന്യമായ രീതിയിൽ പാർട്ടികളിൽ മാത്രം മദ്യപിക്കുന്ന 'സോഷ്യൽ ഡ്രിങ്കിങ്' ആകാമെന്ന തരത്തിലുള്ള ന്യായീകരണങ്ങൾ ഇന്ന് ശക്തമാണ്. എന്നാൽ ഒരു മുസ്‌ലിമിന് ഇത്തരം ന്യായീകരണങ്ങൾ ഏറ്റുപിടിക്കാൻ കഴിയില്ല.

പ്രവാചകൻ(സ്വ) പഠിപ്പിച്ചു: "നിങ്ങൾ മദ്യത്തെ വെടിയുക, തീർച്ചയായും അത് സകല തിന്മകളുടെയും മാതാവാണ് (ഉമ്മുൽ ഖബാഇസ്)."

'മദ്യം എല്ലാ തിന്മകളുടെയും താക്കോലാണ്' എന്ന നബി വചനവും ശ്രദ്ധേയമാണ്.

*മദ്യവുമായി ബന്ധപ്പെട്ട് ശപിക്കപ്പെട്ട പത്ത് വിഭാഗങ്ങൾ:*

മദ്യത്തിന്റെ ഗൗരവം വ്യക്തമാക്കിക്കൊണ്ട് പ്രവാചകൻ (സ്വ) മദ്യവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെടുന്ന പത്ത് വിഭാഗം ആളുകളെ ശപിച്ചതായി പഠിപ്പിച്ചിട്ടുണ്ട്:

- മദ്യം പിഴിഞ്ഞുണ്ടാക്കുന്നവൻ.
- അത് പിഴിഞ്ഞുണ്ടാക്കാൻ ആവശ്യപ്പെടുന്നവൻ.
- അത് കുടിക്കുന്നവൻ.
- അത് ചുമന്നു കൊണ്ടുപോകുന്നവൻ.
- ആർക്ക് വേണ്ടിയാണോ ചുമക്കപ്പെടുന്നത് അവൻ.
- അത് വിളമ്പുന്നവൻ (സപ്ലൈ ചെയ്യുന്നവൻ).
- അത് വിൽക്കുന്നവൻ.
- അത് വിറ്റ് പണം അനുഭവിക്കുന്നവൻ.
- അത് വാങ്ങുന്നവൻ.
- ആർക്ക് വേണ്ടിയാണോ വാങ്ങപ്പെടുന്നത് അവൻ.

മദ്യവും ചൂതാട്ടവുമെല്ലാം മനുഷ്യർക്കിടയിൽ ശത്രുതയും വിദ്വേഷവും വളർത്താനും മറ്റുമായി പിശാച് ഉപയോഗിക്കുന്ന ആയുധങ്ങളാണ്. അല്ലാഹു പറയുന്നു:

"മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കാനും, അല്ലാഹുവെ സ്മരിക്കുന്നതിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയാനും മാത്രമാണ് പിശാച് ഉദ്ദേശിക്കുന്നത്. അതിനാൽ നിങ്ങൾ (അതിൽനിന്ന്) വിരമിക്കാൻ ഒരുക്കമുണ്ടോ?'' (ക്വുർആൻ 5:91).

മദ്യപാനം നടക്കുന്ന വീടുകളിലാണ് ഇന്ന് ക്രൂരമായ കൊലപാതകങ്ങളും പീഡനങ്ങളും നടക്കുന്നത്. അതുകൊണ്ട്, രാഷ്ട്രീയമോ മറ്റു താൽപര്യങ്ങളോ നോക്കാതെ, അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾക്ക് ഒന്നാം സ്ഥാനം നൽകി ഈ തിന്മയ്ക്കെതിരെ ഉറച്ച നിലപാടെടുക്കാൻ ഓരോ വിശ്വാസിയും ബാധ്യസ്ഥനാണ്. ലഹരിമുക്തമായ ഒരു സമൂഹത്തിന് മാത്രമെ പരലോകത്ത് ശാശ്വത വിജയം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

> **മദ്യത്തിലൂടെ വലിയ വരുമാനവും ലാഭവും തൊഴിലവസരങ്ങളും ഉണ്ടാകുന്നു എന്ന വാദം സാമ്പത്തികശാസ്ത്രപരമായിത്തന്നെ തെറ്റാണ്. ലഹരിയുണ്ടാക്കുന്ന പ്രത്യാഘാതങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ ലാഭം തുച്ഛമാണ്.**

## പിശാചിന്റെ ചതിക്കുഴികൾ 26



# ഒന്നാമത്തെ ബിദ്ഈ കക്ഷി അഥവാ ഖവാരിജ്

ശമീർ മദീനി
: 9048 221 212

ഇസ്‌ലാമികലോകത്ത് കുഴപ്പങ്ങളുടെ വിത്ത് പാകി കടന്നുവന്ന ഒരു വിഭാഗമാണ് ഖവാരിജുകൾ. വിശുദ്ധരും നിരപരാധികളുമായ ഒട്ടനേകം ആളുകൾ അവരുടെ കൊടും ക്രൂരതകൾക്കിരയായി കൊല്ലപ്പെട്ടിട്ടുണ്ട്. മഹാനായ മൂന്നാം ഖലീഫ ഉസ്മാനുബ്നു അഫ്ഫാൻ(റ)വിനെ വീട്ടിൽ തടഞ്ഞുവെച്ച് വെട്ടിക്കൊലപ്പെടുത്തിയ ക്രൂരന്മാരാണ് അവർ. പ്രവാചകൻ(സ്വ) തന്റെ രണ്ട് പുത്രിമാരെ (ഒരാളുടെ മരണശേഷം മറ്റൊരാളെ) വിവാഹം ചെയ്തു കൊടുത്തതിലൂടെ 'ദുന്നൂറൈൻ' (ഇരട്ട പ്രകാശത്തിന്റെ ഉടമ) എന്ന പേരിൽ പ്രസിദ്ധനായ സ്വഹാബി, സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട മഹാവ്യക്തിത്വം, ഇസ്‌ലാമിക ഖിലാഫത്തിലെ മൂന്നാമത്തെ ഖലീഫ... എന്നിങ്ങനെ നിരവധി മഹത്ത്വങ്ങളും പ്രത്യേകതകളുമുള്ള ഒരു ഭരണാധികാരിയായ സ്വഹാബിയെയാണ് അവർ ക്രൂരമായി കൊലപ്പെടുത്തിയത്.

മുസ്‌ലിം നാമധാരികളായ ഇവർക്ക് എങ്ങനെ അത് സാധിച്ചു എന്നത് അത്ഭുതകരവും അവിശ്വസനീയവുമായി നമുക്ക് തോന്നിയേക്കാം. അവിടെയാണ് പിശാചിന്റെ കെണികളുടെയും കുതന്ത്രങ്ങളുടെയും ആഴവും പരപ്പും നമുക്ക് ബോധ്യപ്പെടുന്നത്.

കേവലം ഒരു വാശിയിൽ ഉണ്ടായ അടിപിടിയോ കൊലപാതകമോ ആയിരുന്നില്ല അവരുടെത്. മറിച്ച് ഉസ്മാനുബ്നു അഫ്ഫാൻ(റ)വിനെ അവർ വധിച്ചത് പടച്ചവന്റെ പ്രീതിയും പ്രതിഫലവും ആഗ്രഹിച്ചുകൊണ്ടായിരുന്നുവത്രെ!

### തുടക്കം

### ദുൽഖുവൈസ്വിറയിൽ നിന്ന്

നബി(സ്വ)യുടെ അടുക്കലേക്ക് യമനിൽനിന്ന് കുറച്ചു സ്വർണം അലി(റ) കൊടുത്തയച്ചു. നബി(സ്വ) അത് നാലുപേർക്കായി ഓഹരിവച്ചു. സൈദുൽ ഖൈൽ, അഖ്‌റഅ്ബ്നു ഹാബിസ്, ഉയയ്നതുബ്നു ഹിസ്വ്ൻ, അൽക്വമത്തുബ്നു അലാസ എന്നിവരായിരുന്നു ആ നാലുപേർ. നബി(സ്വ) അങ്ങനെ ചെയ്തതിൽ ചിലർക്ക് നീരസമുള്ളതായി മനസ്സിലാക്കിയ അവിടുന്ന് പൊതുവായി ചോദിച്ചു: 'നിങ്ങൾക്കെന്നിൽ വിശ്വാസമില്ലേ? ഞാൻ അല്ലാഹുവിന്റെ വിശ്വസ്തനായ ദൂതനാണ്. രാവും പകലും എനിക്ക് അവൻ വാനലോകത്തുനിന്ന് ദിവ്യ സന്ദേശം (വഹ്‌യ്) നൽകിക്കൊണ്ടിരിക്കുന്നു.'

പിന്നീട് കുറച്ചു കഴിഞ്ഞ് തല മുണ്ഡനം ചെയ്ത, വസ്ത്രം കയറ്റിയുടുത്ത, ഇടതൂർന്ന താടിയുള്ള, മുന്നിലേക്ക് തള്ളിയ നെറ്റിത്തടത്തോടുകൂടിയ, രണ്ട് കണ്ണുകളും കുഴിഞ്ഞ, താടിയെല്ലുകൾ പ്രകടമായ ഒരാൾ വന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം!'

അപ്പോൾ നബി(സ്വ) അയാൾക്ക് നേരെ തിരിഞ്ഞ് തല ഉയർത്തി പറഞ്ഞു: 'നിനക്ക് നാശം! ജനങ്ങളുടെ കൂട്ടത്തിൽ അല്ലാഹുവിനെ സൂക്ഷിക്കാൻ ഏറ്റവും കടപ്പെട്ടവൻ ഞാനല്ലയോ?'

ശേഷം അയാൾ അവിടെനിന്ന് എഴുന്നേറ്റുപോയി. അപ്പോൾ ഖാലിദ്(റ) നബി(സ്വ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഞാൻ അയാളുടെ കഴുത്തെടുക്കട്ടെ?'

അപ്പോൾ നബി(സ്വ) പറഞ്ഞു: 'അയാൾ നമസ്കരിക്കുന്ന ആളല്ലേ?'

ഖാലിദ്(റ) പറഞ്ഞു: 'ഇങ്ങനെ എത്രയെത്ര നിസ്കാരക്കാരാണ്! ഹൃദയത്തിൽ ഇല്ലാത്ത വിശ്വാസം നാവുകൊണ്ട് പറഞ്ഞു നടക്കുന്ന കപടന്മാർ!' നബി(സ്വ) പറഞ്ഞു: 'ജനങ്ങളുടെ ഹൃദയം പിളർന്നു നോക്കാൻ എന്നോട് കൽപിക്കപ്പെട്ടിട്ടില്ല.'

അയാൾ തിരിഞ്ഞു നടക്കുന്നത് നോക്കി നബി(സ്വ) പറഞ്ഞു: 'തീർച്ചയായും ഇവന്റെ ആശയം പേറി പിൽക്കാലത്ത് ഒരു വിഭാഗം വരുന്നതാണ്. അവർ ഖുർആൻ പാരായണം ചെയ്യും; എന്നാൽ അത് അവരുടെ തൊണ്ടക്കുഴി വിട്ടു ഹൃദയത്തിലേക്ക് ഇറങ്ങിയിട്ടുണ്ടാവില്ല. വേട്ടമൃഗങ്ങളെ ഭേദിച്ച് അമ്പ് പുറത്ത് പോകുന്നതുപോലെ അവർ മതത്തിൽനിന്ന് തെറിച്ചു പോകും' (ബുഖാരി, മുസ്‌ലിം).

നബി(സ്വ)യോട് ഇങ്ങനെ സംസാരിച്ച ആ മനുഷ്യന്റെ പേരാണ് ദുൽഖുവൈസ്വിറതുത്തമീമി. മറ്റൊരു റിപ്പോർട്ടിൽ അയാൾ നബി(സ്വ)യോട് ഇപ്രകാരം പറഞ്ഞതായി കാണാം: 'മുഹമ്മദ്, താങ്കൾ നീതി പാലിക്കണം!' അപ്പോൾ നബി(സ്വ) പറഞ്ഞു: 'നിനക്ക് നാശം! ഞാൻ നീതി പാലിച്ചില്ലെങ്കിൽ പിന്നെ ആര് നീതി പാലിക്കും?'

ഇതാണ് ഇസ്‌ലാമിക ചരിത്രത്തിലെ ഒന്നാമത്തെ ഖവാരിജ്. അഥവാ നേതൃത്വത്തിനെതിരെ പൊട്ടിപ്പുറപ്പെടുന്ന അനുസരണക്കേടിന്റെ ആദ്യ ശബ്ദം. കാരുണ്യത്തിന്റെയും നീതിയുടെയും പ്രവാചകന്റെ മുഖത്ത് നോക്കി നീതി പാലിക്കുക എന്നു പറയാൻ മാത്രം ധിക്കാരം എങ്ങനെ അയാൾക്ക് ഉണ്ടായി?

സത്യവിശ്വാസികൾ ഏറെ ബഹുമാനത്തോടെയും സ്നേഹത്തോടെയും മാത്രം നോക്കിക്കണ്ടിരുന്ന, വിനയപൂർവം, ശബ്ദം താഴ്ത്തി ആദരവോടെ മാത്രം സംസാരിച്ചിരുന്ന നബി (സ്വ)യുടെ നേരെ നോക്കി ഇങ്ങനെ സംസാരിക്കാൻ അയാൾക്ക് എങ്ങനെ ധൈര്യം വന്നു എന്നത് ചിന്തിക്കേണ്ടതാണ്.

അവിടെയാണ് ഇബ്നുൽ ജൗസി(റഹി) പറഞ്ഞ കാര്യങ്ങൾ പ്രസക്തമാകുന്നത്: 'അയാൾക്ക് പറ്റിയ അബദ്ധം എന്തായിരുന്നു എന്ന് ചോദിച്ചാൽ സ്വന്തമായ അഭിപ്രായങ്ങൾക്ക് അയാൾ വലിയ സ്ഥാനവും അപ്രമാദിത്വവും കൽപിച്ചു എന്നതാണത്. നേരെമറിച്ച് അൽപം അവധാനതയോടെ കാര്യങ്ങളെ സമീപിച്ചിരുന്നുവെങ്കിൽ വഹ്‌യിന്റെ അടിസ്ഥാനത്തിൽ മാത്രം സംസാരിക്കുന്ന പ്രവാചകന്റെ വാക്കുകൾക്ക് മീതെ ഒരു അഭിപ്രായത്തിനും പ്രസക്തിയില്ല എന്ന കാര്യം അയാൾക്ക് അറിയാൻ കഴിഞ്ഞിരുന്നേനെ. അയാളുടെ പിന്മുറക്കാരാണ് പിന്നീട് അലിയ്യുബ്നു അബീത്വാലിബി(റ)നോട് യുദ്ധം ചെയ്തത്' (തൽബീസു ഇബ്‌ലീസ്, പേജ് 102).

മുആവിയ(റ)യും അലി(റ)യും തമ്മിലുള്ള പ്രതിസന്ധി രൂക്ഷമായി തുടർന്നപ്പോൾ വിശുദ്ധ ഖുർആൻ കുന്തമുനയിൽ ഉയർത്തിക്കാട്ടി 'ഇതിലേക്ക് വരൂ; പ്രശ്നങ്ങൾ അവസാനിപ്പിക്കാം' എന്ന് ആഹ്വാനം ചെയ്യുകയും പിന്നീട് മധ്യസ്ഥ ചർച്ചക്ക് വന്നവരെ 'അല്ലാഹുവിനല്ലാതെ വിധി പറയാൻ അവകാശമില്ല' എന്നു പറഞ്ഞ് നിരാകരിക്കുകയും ചെയ്ത സംഭവവും ഇവരുടെ ചരിത്രത്തിൽ പ്രസിദ്ധമാണ്.

അലി(റ)യും കൂട്ടരും സ്വിഫ്ഫീനിൽനിന്നു മടങ്ങി കൂഫയിൽ പ്രവേശിച്ചു. എന്നാൽ ഖവാരിജുകൾ അദ്ദേഹത്തോടൊപ്പം കൂടാതെ കൂഫക്കടുത്തുള്ള 'ഹറൂറാഅ്' എന്ന സ്ഥലത്ത് തമ്പടിച്ചു. പന്ത്രണ്ടായിരത്തോളം ആളുകൾ ഉണ്ടായിരുന്നു അവർ. അല്ലാഹുവിനല്ലാതെ വിധിപറയാൻ ആർക്കും അധികാരമില്ല എന്ന മുദ്രാവാക്യമായിരുന്നു അവർ ഉയർത്തിയത്. അങ്ങനെ അലി(റ)വിന്റെ നേതൃത്വത്തെ അംഗീകരിക്കാതെ അവർ സ്വന്തമായി ഒരു സംഘമായി യുദ്ധത്തിനും ആരാധനകൾക്കും വേറെ വേറെ ആളുകളെ നേതാക്കളാക്കി നിശ്ചയിച്ച് ആ പ്രദേശത്തെ ഇസ്‌ലാമിക ഖിലാഫത്തിൽനിന്നും വേർപ്പെടുത്തി. ഖവാരിജുകൾ പ്രകടമായി വലിയ ഭക്തന്മാരും ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നവരുമായിരുന്നെങ്കിലും അവരുടെ ധാരണ അലി (റ) അടക്കമുള്ള സ്വഹാബത്തിനെക്കാൾ അറിവും പാണ്ഡിത്യവുമുള്ളവർ തങ്ങളായിരുന്നു എന്നതാണ്. അത് വല്ലാത്ത ഒരു രോഗമാണ്. (വിശദ വിവരത്തിന് 'തൽബീസു ഇബ്‌ലീസ്' പേജ് 102 കാണുക). ■

# സൂറ: അശ്ശുഅറാഅ്
## കവികൾ
(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قَالَ أَفَرَأَيْتُم مَّا كُنتُمْ تَعْبُدُونَ ﴿٧٥﴾

75. അദ്ദേഹം പറഞ്ഞു: അപ്പോൾ നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നത് എന്തിനെയാണെന്ന് നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ?

أَنتُمْ وَآبَاؤُكُمُ الْأَقْدَمُونَ ﴿٧٦﴾

76. നിങ്ങളും നിങ്ങളുടെ പൂർവപിതാക്കളും.

فَإِنَّهُمْ عَدُوٌّ لِّي إِلَّا رَبَّ الْعَالَمِينَ ﴿٧٧﴾

77. എന്നാൽ അവർ (ദൈവങ്ങൾ) എന്റെ ശത്രുക്കളാകുന്നു; ലോകരക്ഷിതാവ് ഒഴികെ.

الَّذِي خَلَقَنِي فَهُوَ يَهْدِينِ ﴿٧٨﴾

78. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ.

وَالَّذِي هُوَ يُطْعِمُنِي وَيَسْقِينِ ﴿٧٩﴾

79. എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ.

وَإِذَا مَرِضْتُ فَهُوَ يَشْفِينِ ﴿٨٠﴾

80. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്.

وَالَّذِي يُمِيتُنِي ثُمَّ يُحْيِينِ ﴿٨١﴾

81. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ.

وَالَّذِي أَطْمَعُ أَن يَغْفِرَ لِي خَطِيئَتِي يَوْمَ الدِّينِ ﴿٨٢﴾

82. പ്രതിഫലത്തിന്റെ നാളിൽ ഏതൊരുവൻ എന്റെ തെറ്റ് പൊറുത്തുതരുമെന്ന് ഞാൻ ആശിക്കുന്നുവോ അവൻ.

*75-82). ഇബ്റാഹീം(അ) അവരോട് പറഞ്ഞു: നിങ്ങളും നിങ്ങളുടെ പിതാക്കളും ഈ വിഷയത്തിൽ എതിർപക്ഷത്താണ്. എല്ലാവരോടും പറയാനുള്ളത് ഒന്നാണ്. (അപ്പോൾ നിങ്ങളും നിങ്ങളുടെ പൂർവപിതാക്കളും ആരാധിച്ചുകൊണ്ടിരിക്കുന്നത് എന്തിനെയാണെന്ന് നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? എന്നാൽ അവർ എന്റെ ശത്രുക്കളാകുന്നു) അതിനാൽ അവർ എനിക്ക് ചെറിയൊരു ദ്രോഹമെങ്കിലും ചെയ്യട്ടെ. അവർ എനിക്കെതിരെ തന്ത്രം പ്രയോഗിക്കട്ടെ. അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. (ലോക രക്ഷിതാവ് ഒഴികെ. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ) കാരണം അവൻ മാത്രമാണ് ആളുകൾക്ക് അനുഗ്രഹങ്ങൾ നൽകുകയും ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ അവരെ ഏറ്റവും മികച്ചതിലേക്ക് നയിക്കുകയും ചെയ്യുന്നത്.*

*തുടർന്ന് ജീവിതത്തിലെ ചില അവശ്യകാര്യങ്ങൾ എടുത്തു പറയുകയും ചെയ്തു: (എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ. പ്രതിഫലത്തിന്റെ നാളിൽ ഏതൊരുവൻ എന്റെ തെറ്റ് പൊറുത്തുതരുമെന്ന് ഞാൻ വിചാരിക്കുന്നുവോ അവൻ) അവനു മാത്രമെ ഇതെല്ലാം ചെയ്യാൻ കഴിയൂ. അതുകൊണ്ടുതന്നെ അനുസരണയും ആരാധനയും അവന് മാത്രമാകണം. സൃഷ്ടിക്കുക, വഴികാണിക്കുക, രോഗമുണ്ടാക്കുക, ശമനം നൽകുക, ഭക്ഷണം നൽകുക, കുടിപ്പിക്കുക, മരിപ്പിക്കു*

കയോ ജീവിപ്പിക്കുകയോ ചെയ്യുക; ഇതൊന്നും ചെയ്യാത്ത വിഗ്രഹങ്ങളെ ഉപേക്ഷിക്കുക. അവയെ ആരാധിക്കുന്നവന് ഒരു ചെറിയ വിഷമം പോലും നീക്കിക്കൊടുക്കാൻ അവയ്ക്ക് ആവില്ല. അവ പാപങ്ങൾ പൊറുത്തു നൽകുകയുമില്ല.

നിങ്ങൾക്കോ നിങ്ങളുടെ പിതാക്കൾക്കോ നിഷേധിക്കാൻ കഴിയാത്ത വ്യക്തമായ തെളിവും പ്രമാണങ്ങളുമാണിത്. നിങ്ങളെല്ലാവരും വഴിപിഴച്ചവരാണെന്നും സന്മാർഗത്തിന്റെ വഴി ഉപേക്ഷിച്ചവരാണെന്നും ഇത് സൂചിപ്പിക്കുന്നു. അല്ലാഹു മറ്റൊരിടത്ത് പറയുന്നു:

وَحَاجَّهُۥ قَوْمُهُۥ ۚ قَالَ أَتُحَٰٓجُّوٓنِّى فِى ٱللَّهِ وَقَدْ هَدَىٰنِ

"അദ്ദേഹത്തിന്റെ ജനത അദ്ദേഹവുമായി തർക്കത്തിൽ ഏർപ്പെടുകയുണ്ടായി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങൾ എന്നോട് തർക്കിക്കുകയാണോ? അവനാകട്ടെ എന്നെ നേർവഴിയിൽ ആക്കിയിരിക്കുകയാണ്" (6:80)

رَبِّ هَبْ لِى حُكْمًا وَأَلْحِقْنِى بِٱلصَّٰلِحِينَ ﴿٨٣﴾

83. എന്റെ രക്ഷിതാവേ, എനിക്ക് നീ തത്ത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ.

وَٱجْعَل لِّى لِسَانَ صِدْقٍ فِى ٱلْـَٔاخِرِينَ ﴿٨٤﴾

84. പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ.

83-84). പിന്നീട് അദ്ദേഹം തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: (രക്ഷിതാവേ എനിക്ക് നീ തത്ത്വജ്ഞാനം നൽകണേ) അതിലൂടെ എനിക്ക് മതവിധികളും ഹലാലും ഹറാമും എന്താണെന്ന് അറിയാൻ കഴിയും. ആളുകൾക്കിടയിൽ വിധിപറയാൻ കഴിയും. (എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ) ഇത് അദ്ദേഹത്തിന്റെ സഹോദര പ്രവാചകന്മാരെ സൂചിപ്പിക്കുന്നു. (പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ) അതായത് അന്ത്യകാലം വരെ ഞാൻ പ്രശംസിക്കപ്പെടുന്നവനാകാൻ അനുഗ്രഹിക്കുക. അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥനകൾക്ക് ഉത്തരം നൽകി. അവൻ അദ്ദേഹത്തിനു അറിവും ജ്ഞാനവും വർധിപ്പിച്ചു. അതിനാൽ അദ്ദേഹം പ്രവാചകരിൽ ശ്രേഷ്ഠനായി. തന്റെ സഹോദര പ്രവാചകന്മാരുമായി അദ്ദേഹം ചേർന്നു. അവൻ അദ്ദേഹത്തെ എല്ലാ മതങ്ങളുടെയും അനുയായികൾക്കിടയിൽ എല്ലായ്പ്പോഴും പ്രിയപ്പെട്ടവനാക്കി; അംഗീകരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും പ്രശംസിക്കപ്പെടുകയും ചെയ്യുന്നവനാക്കി.

وَتَرَكْنَا عَلَيْهِ فِى ٱلْـَٔاخِرِينَ ﴿١٠٨﴾ سَلَٰمٌ عَلَىٰٓ إِبْرَٰهِيمَ ﴿١٠٩﴾
كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١١٠﴾
إِنَّهُۥ مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿١١١﴾

"പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു. ഇബ്റാഹീമിന് സമാധാനം. അപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസന്മാരിൽ പെട്ടവനാകുന്നു" (37:108-111).

وَٱجْعَلْنِى مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ﴿٨٥﴾

85. എന്നെ നീ സുഖസമ്പൂർണമായ സ്വർഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ.

85). (എന്നെ നീ സുഖസമ്പൂർണമായ സ്വർഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ) അതായത് സ്വർഗത്തിലെ ആളുകളിൽ ഒരാളാക്കുക. അല്ലാഹു അത് അനന്തരാവകാശമായി നൽകുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥനയ്ക്ക് ഉത്തരം നൽകുകയും ആനന്ദത്തിന്റെ സ്വർഗത്തോട്ടങ്ങളിലേക്ക് അദ്ദേഹത്തെ ഉയർത്തുകയും ചെയ്തു.

# ജീവിതം തകർക്കും ലഹരി

സിനി. ടി. കെ, മണ്ണാർക്കാട്





കൂട്ടുകാർ പറഞ്ഞു: ‘ഹീറോ ആകാൻ
ഒന്നുരണ്ട് പുക വലിച്ചാൽ മതി!’
‘ഹീറോ’ ആകാൻ ചെന്നവൻ പിന്നെ,
‘സീറോ’ ആയിത്തീരുന്നു പതിയെ!
‘ടെൻഷനെല്ലാം പറന്നുപോകും’
എന്ന് പറഞ്ഞു മറ്റൊരാൾ.
പറന്നുപോയത് ടെൻഷനല്ല,
കനവുകണ്ട ജീവിതമത്രെ!
അമ്മ ചോദിച്ചു: ‘എന്താ മകനേ,
കണ്ണൊക്കെ ചുവന്നതെന്തേ?’
‘രാത്രിയേറെ പഠിച്ചു’ എന്ന
അവന്റെ മറുപടി കേട്ട്
ഞെട്ടലോടെ പുസ്തകങ്ങൾ
പൊട്ടിച്ചിരിച്ചുപോയ്!
‘ഒറ്റതവണ’ത്തേക്ക് തുടങ്ങി
പിന്നെ പതിയെ പതിയെ
ജീവിതമതിലെരിയാൻ തുടങ്ങി.
ശരീരം തളരും, മനസ്സ് വിങ്ങും,
ബന്ധങ്ങൾ അകലും ദിനംപ്രതി.
ചിരിച്ചുകൊണ്ട് തുടങ്ങിയ കാര്യം
കരയിച്ചുതീർക്കും അവസാനം വരെ.
യുവത്വമേ, ഓർക്കുക നീ
നിന്റെ കരുത്ത് ലഹരിയിലല്ല.
സ്വപ്നം, പ്രയത്നം, അറിവ്, ധൈര്യം
വിജയത്തിന്റെ വഴി അതിലത്രെ!



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 04 July 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-

WISDOM students

To the Right Goal..
Through the Right Path..

30th

WISDOM

# PROFCON

PROFESSIONAL STUDENTS
GLOBAL CONFERENCE

2026
SEPT 11 12 13

PALAKKAD

SCAN TO REGISTER

www.profcon.in

Wisdom Islamic Students Organization
CV Complex, PV Swami Road, Calicut-2

+91 8156 812 292
wisdomstudents